# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## രാമങ്കരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.10/1675/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 25/01/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാമങ്കരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.10/1675/2022 തീയ്യതി: 25/01/2023

## ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 28-11-2022 | 09-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 28-11-2022 | 09-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു പി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി.ജാക്വലിൻ പി ഡബ്ളിയു , സീനീയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശ്രീദേവി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ലക്ഷ്മികാന്ത്.പി,ഓഡിറ്റർ (2-12-2022 മുതൽ 9-12-2022 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ആർ.രാജേന്ദ്രകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.വി.എം സജി | സെക്രട്ടറി | 01-04-2021 | 12-12-2021 |
| ശ്രീമതി .ജെസി വർഗ്ഗീസ് | സെക്രട്ടറി | 14-12-2021 | 15-01-2022 |
| ശ്രീ.രാജേഷ് ദാസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-01-2022 | 06-02-2022 |
| ശ്രീമതി.സിന്ധു ആർ ദാസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽകുമാർ.ബി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.വിബിൻ.വി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.റോസമ്മ റോയി | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 01-04-2021 | 07-11-2021 |
| ശ്രീമതി..അമൃത ലക്ഷ്മി | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 08-11-2021 | 31-03-2022 |
| ഡോ.എം.ചിന്ന ദുരൈ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2021 | 08-12-2021 |
| ഡോ.ജീവൻ കുമാർ.എസ് | മെഡിക്കൽ ഓഫീസർ , ആയുർവേദം | 08-12-2021 | 31-03-2022 |
| ഡോ.ബിന്ദു.ഇ.ആർ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലില്ലിക്കുട്ടി | അസ്സി എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സിനി.എസ്.നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജെസി വർഗ്ഗീസ് | അസി. സെക്രട്ടറി | 01-04-2021 | 06-01-2022 |
| ശ്രീമതി.സിന്ധു ആർ ദാസ് | അസി. സെക്രട്ടറി | 07-01-2022 | 31-03-2022 |
| ശ്രീമതി.മോളിക്കുട്ടി | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി.സീന ജി തങ്കപ്പൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ( രാമങ്കരി സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രസീത വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(വേഴപ്ര സർക്കിൾ) | 01-04-2021 | 31-03-2022 |
| ഡോ.വിനോദ് | മെഡിക്കൽ ഓഫീസർ , എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ- | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത്തീടാക്കിയില്ല. | 1-10 |
| 12 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത്തീടാക്കിയില്ല- 12,500/- രൂപാ വരുമാന നഷ്ടം | 1-11 |
| 13 | വസ്തു നികുതി കുറവ് ഈടാക്കിയത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം | 1-12 |
| 14 | ഓഡിറ്റ് ഇംപാക്ട്- ഓഡിറ്റ് നിർദ്ദേശിച്ചതിനെ തുടർന്ന് ലൈസൻസ് ഫീസിനത്തിലുള്ള കുറവ് വന്ന തുക പഞ്ചായത്തിൽ ഒടുക്കി | 1-13 |
| 15 | കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 16 | നാപ്കിൻ വെന്റിംഗ് യൂണിറ്റ് -നാളിതുവരെ പ്രവർത്തന സജ്ജമാക്കിയില്ല-സാമഗ്രികൾ നാളിതുവരെയും പൂർണ്ണമായും ലഭ്യമായില്ല-59996/- രൂപ തടസ്സപ്പെടുത്തുന്നു | 1-15 |
| 17 | ഫാമിലി ഹെൽത്ത് സെന്ററിലേക്ക് ഖരമാലിന്യ സംസ്കരണപ്ലാന്റ്- നാളിതുവരെ പ്രവർത്തനസജ്ജമായില്ല 659359 /- രൂപ തടസ്സപ്പെടുത്തുന്നു. | 1-16 |
| 18 | പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം- ഒരേ ഗുണഭോക്താവിന് രണ്ട് തവണ ധനസഹായം നൽകി-5000/- രൂപ നിരാകരിക്കുന്നു- | 1-17 |
| 19 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾകൾക്കുള്ള സ്കോളർഷിപ്പ്- അർഹമായ തുക പൂർണ്ണമായും വിതരണം ചെയ്തില്ല- | 1-18 |
| 20 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്ന് ലഭിച്ചില്ല | 1-19 |

| | | |
|---|---|---|
| 21 | മെറിറ്റോറിയസ് സ്കോളർഷിപ്പ്- അർഹതാരേഖ ഹാജരാക്കിയില്ല- 20000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 22 | അനുപൂരക പോഷകാഹാര വിതരണം-കടത്തുകൂലി അധികം നൽകി- 7190/- രൂപ നിരാകരിക്കുന്നു- | 1-21 |
| 23 | തുക മുൻകൂർ നൽകിയിട്ടുംകേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് ലഭിച്ചില്ല | 1-22 |
| 24 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ -വിനിയോഗ രേഖകളുടെ അഭാവത്തിൽ 65000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 25 | വാട്ടർ ചാർജ്ജ് -കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുന്നു- | 1-24 |
| 26 | പൈപ്പ് ലൈൻ നീട്ടൽ -പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല- 2080500/-രൂപ തടസ്സപ്പെടുത്തുന്നു- | 1-25 |
| 27 | MCF നിർമ്മാണം-സിഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്തവ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള ചട്ടങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി- | 1-26 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും ,രേഖകൾ ഹാജരാക്കയില്ല, 25000 /- രൂപ തടസ്സപ്പെടുത്തുന്നു | 1-27 |
| 29 | കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി നിർവ്വഹിച്ചതായി കാണിച്ച് 17870 /- രൂപ അധിക വേതനം നല്കി- | 1-28 |
| 30 | ബേസ്മെന്റിന് മുകളിൽ ബെൽറ്റ് നിർമ്മിച്ചിട്ടുള്ളപ്പോൾ റബിൾ പ്രവൃത്തിയിൽ ലെവലിംഗ് ചെയ്യുന്നതിന് 1:6:12 സിമന്റ് കോൺക്രീറ്റിംഗ് നടത്തി- അധികച്ചലവ്-824/- | 1-29 |
| 31 | ലൈഫ് ഭവനനിർമ്മാണം - അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയില്ല | 1-30 |
| 32 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല,- 40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 33 | പാലിയേറ്റീവ് കെയർ- സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി മരുന്ന് സ്വകാര്യസ്ഥാപനത്തിൽ നിന്നും വാങ്ങി- | 1-32 |
| 34 | നടത്തക്കൂട്ടം -സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കായി തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല-ചെലവ് രേഖകൾ സുതാര്യതയില്ല- - | 1-33 |
| | ഭാഗം **2** | |
| 1 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 12,500/- രൂപാ വരുമാന നഷ്ടം | 2-1 |
| | ഭാഗം **3** | |
| 1 | അനുപൂരക പോഷകാഹാര വിതരണം-കടത്തുകൂലി അധികം നൽകി- 7190/- രൂപ നിരാകരിക്കുന്നു- | 3-1 |
| 2 | ബേസ്മെന്റിന് മുകളിൽ ബെൽറ്റ് നിർമ്മിച്ചിട്ടുള്ളപ്പോൾ റബിൾ പ്രവൃത്തിയിൽ | 3-2 |

| | | |
|---|---|---|
| | ലെവലിംഗ് ചെയ്യുന്നതിന് 1:6:12 സിമന്റ് കോൺക്രീറ്റിംഗ് നടത്തി-അധികച്ചലവ്-824/- | |
| 3 | കയർഭൂവസ്ത്രം വാങ്ങിയ അതേ അളവില്ലള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് 17870 /- രൂപ അധിക വേതനം നല്കി | 3-3 |
| 4 | പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം- ഒരേ ഗുണഭോക്താവിന് രണ്ട് തവണ ധനസഹായം നൽകി-5000/- രൂപ നിരാകരിക്കുന്നു- | 3-4 |
| 5 | നടത്തക്കൂട്ടം -സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കായി തുക ചെലവഴിച്ചു-ചെലവിന് സുതാര്യതയില്ല - | 3-5 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ 11/02/2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.19.02.2022 തീയതിയിലെ 3(1) നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ്പ്രകാരം | 99220398 | 97902869 |
| രസീപ്റ്റ് &പെമെന്റ് അക്കൌണ്ട് പ്രകാരം | 41162610 | 42262626 |
| (ഇൻകം &എക്സ്പെൻഡിച്ചർസ്റ്റേറ്റ്മെന്റ്പ്രകാരം) | 102818458 | 112741398 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 20.06.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ-

രാമങ്കരി ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1)സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഇനത്തിലെ എ.സി.ആർ പ്രകാരമുള്ള ആകെ വരവ് (3738404) വാർഷിക കണക്ക് പ്രകാരമുള്ള (RP-7) ആകെ വരവുമായി (2797000) പൊരുത്തപ്പെടുന്നില്ല.941404/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു..

2)സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ഇനത്തിലെ എ.സി.ആർ പ്രകാരമുള്ള ആകെ വരവും (1903433/-) വാർഷിക കണക്കിലെ രസീപ്റ്റ് & പെമെന്റ് പ്രകാരമുള്ള (RP-7) ആകെ വരവും, (1894793/-) ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിലെ I-6 പ്രകാരമുള്ള ആകെ വരവും (1034338/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3) വാർഷിക കണക്കിലെ നീക്കിയിരുപ്പിന്റെ വിവരം കാണിക്കുന്ന RP-40 (B) യിൽ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള വിവിധ അക്കൌണ്ടുകളിൽ തുകകൾ അവശേഷിക്കുന്നുണ്ടെങ്കിലും നിലവിൽ നിർജ്ജീവമാണ്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബാങ്ക് | തുക |
|---|---|---|
| കുട്ടനാട് പാക്കേജ് | കേരള ഗ്രാമീൺ ബാങ്ക് | 1065718/- |
| ലിറ്ററസി | എസ്സ്.ബി.റ്റി, രാമങ്കരി | 93294/- |
| എസ്സ്ബിറ്റി, പ്ലാൻ | എസ്സ്.ബി.റ്റി, രാമങ്കരി | 231332/- |

ടി തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ നാളിതുവരെ തിരികെ ഒടുക്കിയിട്ടില്ല.

4) വാർഷിക കണക്കിൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിലെ I-1 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം തൻ വർഷത്തെ വസ്തു നികുതി വരവ് 1672369/- രൂപയാണ്.എന്നാൽ വാർഷിക കണക്ക് പ്രകാരം ആയത് 1659171/- രൂപയാണ്. (റസിഡൻഷ്യൽ – 958789/- , നോൺ- റസിഡൻഷ്യൽ-700382/-) വ്യത്യാസം 13198/- രൂപ.

5)ബാലൻസ് ഷീറ്റിൽ B- 18 ഷെഡ്യൂൾ പ്രകാരം Advance To Implementing Officers എന്ന ഹെഡ്ഡിൽ 94516/- രൂപ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതൊക്കെ വർഷം ആർക്കൊക്കെ നൽകിയതാണെന്ന വിവരം വ്യക്തമല്ല.വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം ഈ തുക തൻവർഷം മുന്നിരുപ്പും നീക്കിയിരുപ്പും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

6)ബാലൻസ് ഷീറ്റിൽ B- 19 ഷെഡ്യൂൾ പ്രകാരം Deposit Works – Expenditure എന്ന ഹെഡ്ഡിൽ 1242212/- രൂപ നീക്കിയിരുപ്പുണ്ട്. ഈ തുക 03/2015 ൽ ബാലൻസ് ഷീറ്റിൽ നീക്കിയിരുപ്പ് കാണിച്ചിട്ടുള്ള 1787000/- രൂപയിൽ 01-04-20 ൽ തിരികെ ഒടുക്കിയ 544788/- രൂപ കിഴിച്ചുള്ള തുകയാണ്.ടി തുക ഇപ്പോഴും മൂലധന ആസ്തിയിലേക്ക് മാറ്റാതെ ബാലൻസ് ഷീറ്റിൽ Other Assets എന്ന ശീർഷകത്തിൽ നിലനിർത്തിയിരിക്കുന്നു.

7)ബാലൻസ് ഷീറ്റിൽ B- 18 ഷെഡ്യൂൾ പ്രകാരം KSEB യിൽ 2019-20,20-21 വർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത 677999/-

രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി മൂലധന ആസ്തിയിലേക്ക് മാറ്റാതെ ബാലൻസ് ഷീറ്റിൽ Loans & Deposits എന്ന ശീർകത്തിൽ ഇപ്പോഴും നിലനിർത്തിയിരിക്കുന്നു.

8)ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B- 11(a) യിൽ Capital Work In Progress എന്ന ശീർകത്തിൽ കാണിച്ചിരിക്കുന്ന 14726/- രൂപ 2019-20 ൽ നടത്തിയ കമ്പ്യൂട്ടർ വാങ്ങൽ എന്ന പദ്ധതിയ്ക്കായി ചെലവഴിച്ചതാണ്. ടി ചെലവ് നാളിതുവരെ മൂലധന ആസ്തിയിലേക്ക് മാറ്റിയിട്ടില്ല.

9) ബാലൻസ് ഷീറ്റിൽ B- 9 ഷെഡ്യൂൾ പ്രകാരം 2016-17 വർഷം ODF ഇനത്തിൽ ലഭിച്ച 1804800/-രൂപ തൻവർഷവും Sundry Creditors ഇനത്തിൽ ബാധ്യതയായി കാണിച്ചിട്ടുണ്ട്.2016-17 ൽ തന്നെ പൂർണ്ണമായും ചെലവഴിക്കപ്പെട്ട ഈ തുക റവന്യൂ ഹെഡ്ഡിലേക്ക് മാറ്റാതെ ഇപ്പോഴും ബാധ്യതയായി നിലനിർത്തിയിരിക്കുന്നു.

10)RP-31 ൽ CFC ടൈഡ് ഇനത്തിൽ 2797000/- രൂപയും, അൺടൈഡ് ഇനത്തിൽ 1894793/- രൂപയും വരവുണ്ട്. ടി തുക തൻവർഷം ചെലവഴിക്കപ്പെട്ടിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B- 4 ൽ ഈ തുക മുഴുവനും തൻവർഷം ചെലവഴിക്കപ്പെടാതെ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു.

11)ബാലൻസ് ഷീറ്റിൽ B- 9 ഷെഡ്യൂൾ പ്രകാരം Liability Head ൽ 319567/- രൂപ ബാധ്യത കാണിച്ചിട്ടുണ്ട്. ഈ തുകയിൽ 279667/- രൂപ 2015-16 ൽ ആശ്രയ ഫണ്ടിനത്തിൽ ലഭിച്ച തുകയും, 33900/- രൂപ 2018-19 ൽ വിമുക്തി ഫണ്ടിനത്തിൽ ലഭിച്ച തുകയുമാണ്. ആശ്രയ ഫണ്ടിനത്തിൽ ലഭിച്ച തുക ചെലവഴിക്കപ്പെട്ടതാണെങ്കിലും നാളിതുവരെയും ഈ തുക റവന്യൂ ഹെഡ്ഡിലേക്ക് മാറ്റിയിട്ടില്ല. വിമുക്തി ഫണ്ടിനത്തിൽ ലഭിച്ച തുകയിൽ ചെലവഴിക്കാത്ത 33900/- രൂപ നാളിതുവരെയും തിരികെ ഒടുക്കിയിട്ടില്ല.

12) ഡെപ്പോസിറ്റ് രജിസ്റ്ററിൽ സപ്ലൈയേഴ്സ് ഇഎംഡി ഇനത്തിൽ 2016-17 മുതലുള്ള തുകകൾ തിരിച്ചുകൊടുക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.മൂന്ന് വർഷം കഴിഞ്ഞ ഈ തുകകൾ നാളിതുവരെ മുതൽക്കൂട്ടിയിട്ടില്ല. ഈ തുകയുടെ വർഷം തിരിച്ചുള്ള വിവരവും രേഖപ്പെടുത്തിയിട്ടില്ല.

13) വാടക രജിസ്റ്റർ പ്രകാരം കെട്ടിട വാടകയിനത്തിൽ തൻവർഷത്തെ ഡിമാന്റും, കളക്ഷനും രേഖപ്പെടുത്തിയിരിക്കുന്നത് 378652/- രൂപയാണ്. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിലെ I-3 പ്രകാരം ആയത് 277246/- രൂപയാണ്.

14)പഞ്ചായത്തിൽ നാളിതുവരെ വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടെയും വിവരങ്ങൾ പൂർണ്ണമായും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററും കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തന്മൂലം വാർഷിക കണക്കിൽ ഡിപ്രീസിയേഷൻ ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

15)2021-22 ലും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

*16)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011 റൂൾ 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2021-22 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.*

*എ)അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.*

ബി)അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

17)വാർഷിക കണക്കിൽ RP-7 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 304683/- രൂപയും, RP-31 പ്രകാരം 191866/- രൂപയും വരവുണ്ട്.(ആകെ- 496549/-) സുലേഖ ചെലവ് പത്രിക പ്രകാരം ആകെ ചെലവും 496549/- രൂപയാണ്.അതിൻപ്രകാരം ഈയിനത്തിൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ നീക്കിയിരുപ്പുണ്ടാകുവാൻ പാടില്ല. എന്നാൽ ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ 324418/- രൂപ നീക്കിയിരുപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.മുൻ വർഷത്തെ ബാലൻസ് ഷീറ്റിൽ ബ്ലോക്ക് വിഹിതം ലഭിച്ചതിൽ ചെലവഴിക്കപ്പെടാതെ നിൽക്കുന്നത് 132552/- രൂപയാണ്. ഇതിൽ നിന്നും ശരിയായ രീതിയിലല്ല ഈയിനത്തിലെ വരവ് അക്കൌണ്ട് ചെയ്യുന്നതെന്ന് വ്യക്തമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (1) ലഭ്യമാക്കിയ മറുപടിയിൽ , സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്),സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ഇനത്തിലുള്ള വരവ് ACR പ്രകാരമുള്ള വരവുമായി വ്യത്യാസപ്പെടുന്നതിന് കാരണം , ACRൽ സ്പിൽ ഓവർ ഉൾപ്പെടെയുള്ള പദ്ധതികളുടെ തുകയും കൂടി ഉൾപ്പെട്ടു വരുന്നതിനാലാണ് എന്നാണ്. എന്നാൽ ആയത് വേർതിരിച്ച് രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. നിർജ്ജീവ അക്കൌണ്ടുകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കമ്മിറ്റി തീരുമാനമെടുത്ത് ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.മുൻകാലങ്ങളിൽ ചെലവഴിച്ചിട്ടുള്ളതും ഇപ്പോഴും ആസ്തിയിൽ നിലനിർത്തിയിട്ടുള്ളതുമായ തുകകൾ വിനിയോഗ രേഖകൾ ലഭ്യമാക്കി മൂലധന ആസ്തിയിലേക്ക് മാറ്റുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മറുപടിയിലെ രേഖപ്പെടുത്തലുകൾ പ്രകാരം അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10702129 |

| | |
|---|---|
| വരവ് | 41162610 |
| ആകെ | 51864739 |
| ചെലവ് | 42262626 |
| നീക്കിയിരിപ്പ് | 9602113 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫണ്ട്(ജനറൽ) | 0 | 8527511 | 8527511 | 8250176 | 277335 |
| വി.ഫണ്ട് (എസ്.സി.പി) | 0 | 3688555 | 3688555 | 3347675 | 340880 |
| വി.ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്ഫണ്ട്-റോഡ് | 0 | 5432000 | 5432000 | 2224169 | 3207831 |
| മെയിന്റനൻസ്ഫണ്ട്-നോൺറോഡ് | 0 | 5088578 | 5088578 | 3647233 | 1441345 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 5062200 | 5062200 | 3738404 | 1323796 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | | 2708663 | 2708663 | 1903433 | 805230 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതിഅടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതിചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 131 | 42228349 | 74 | 27921021 | 29 | 28 | 54.7 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| ഭരണചെലവുകൾ | 449.84 | 866468 | 866440 | 477.84 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 36134724 | 36134724 | 0 |
| ആകെ | 449.84 | 37,001,192 | 377,001,164 | 477.84 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 52080 | 53 |
| കർഷക തൊഴിലാളി പെൻഷൻ | 13977000 | 865 |
| വിധവാ പെൻഷൻ | 6210800 | 397 |
| വാർദ്ധക്യകാല പെൻഷൻ | 131800500 | 826 |
| വികലാംഗ പെൻഷൻ | 2348200 | 152 |
| അവിവാഹിത പെൻഷൻ | 371200 | 23 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.2022തീയതിയിൽ 3:40PM സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 901/-രൂപയുടെ ക്യാഷ്ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം സുഗമമായി പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തിക്കുന്നു. താഴെപ്പറയുന്നവ കൂടി പരിഗണിച്ച് അഭ്യന്തര നിയന്ത്രണം സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം ഒരു ഓഫീസിലെ ഫർണിച്ചർ, ബുക്ക്സ് & സ്റ്റേഷനറി,ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം നടത്തുന്ന വകുപ്പുകളിൽ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, തുടങ്ങിയവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.എന്നാൽ ഈ പഞ്ചായത്തിൽ ഇപ്രകാരം സ്റ്റേഷനറി, ഫർണിച്ചർ, കംപ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2.മൂന്ന് വർഷം കഴിഞ്ഞ വിവിധ ഡെപ്പോസിറ്റ് തുകകൾ നാളിതുവരെ മുതൽക്കൂട്ടിയിട്ടില്ല. ഈ തുകയുടെ വർഷം തിരിച്ചുള്ള വിവരവും രേഖപ്പെടുത്തിയിട്ടില്ല.

3.പഞ്ചായത്തിൽ നാളിതുവരെ വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടെയും വിവരങ്ങൾ പൂർണ്ണമായും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററും കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തന്മൂലം വാർഷിക കണക്കിൽ ഡിപ്രീസിയേഷൻ ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. വിവിധ നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി വർഷാവസാനം വർഷം തിരിച്ചുള്ള സംക്ഷിപ്ത വിവരം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5.ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാരനിർദേശങ്ങൾ രൂപീകരിക്കുക എന്ന പ്രാഥമിക ചുമതലയിൽ ഒതുക്കിയിരിക്കുന്നതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുള്ള നിർദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം മേൽ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ തൻ വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി മിക്ക ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

6.കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 153 പ്രകാരം വകുപ്പ് തലവൻ തന്റെ ചുമതലയിലുള്ള സ്റ്റോറിന്റെ മാർച്ച് 31 ലെ സ്ഥിതി വിവരം മെയ് മാസത്തിൽ എടുക്കേണ്ടതും ഉപയോഗശൂന്യമായവ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, ഇതു സംബന്ധിച്ച് റിപ്പോർട്ട് ജൂൺ 15ന് മുമ്പ് മേലധികാരിക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇപ്രകാരം സ്റ്റോക്കെടുപ്പ് നടത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

## 1-10 തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതി നൽകാൻ ബാധ്യസ്ഥനാകും. പഞ്ചായത്തിന്റെ 2021-22 ലെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ റേഷൻ വ്യാപാരികളിൽ നിന്നും, കരാറുകാരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ല. 22.01.2019ലെ സിവിൽസപ്ലൈസ് ഡയറക്ടറുടെ (സി.എസ്)എ9-764/2019 നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന റേഷൻ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്.ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം:14 /08-12-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കരാറുകാർ, അഭിഭാഷകർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021-22 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) കരാറുകാർ, പഞ്ചായത്ത് പ്രദേശത്ത് പ്രാക്ടീസ് നടത്തുന്ന അഭിഭാഷകർ എന്നിവർ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 204(2)എ പ്രകാരം പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്.

ടി കരാറുകാർ പഞ്ചായത്ത് പരിധിയിൽ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ ടേണോവറിന്റെ അടിസ്ഥാനത്തിൽ ആകണം തൊഴിൽ നികുതി നിശ്ചയിക്കേണ്ടത്. ഈ കരാറുകാർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഇക്കാലയളവിൽ പ്രവൃത്തി ചെയ്യുകയും ആയതിന് അവിടെ തൊഴിൽ നികുതി അടച്ചതായി രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ ആ വിവരം പരിശോധിച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

പഞ്ചായത്ത് പ്രദേശത്തെ കോടതികളിൽ പ്രാക്ടീസ് നടത്തുന്ന അഭിഭാഷകരുടെ അർദ്ധ വർഷ വരുമാന പത്രിക പഞ്ചായത്ത് ഡിമാൻഡ് ചെയ്യുകയും ടി വരുമാന പത്രികയിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അഭിഭാഷകരിൽ നിന്നും ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഇടാക്കേണ്ടതുമാണ്.ടി കരാറുകാരിൽ നിന്നും, അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/ തീയതി 08-12-2022) മറുപടി ലഭ്യമാക്കിയില്ല. അഭിഭാഷകരിൽ നിന്നും, കരാറുകാരിൽ നിന്നും നിയമാനുസൃതം ലഭിക്കേണ്ട തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 12,500/- രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ 4 എ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽനികുതി |
|---|---|---|---|
| 1, | മുളമൂട്ടിൽ ഫിനാൻസിയേഴ്സ്, രാമങ്കരി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 2, | കടന്തോട്ട് ഫിനാൻസ് പ്രൈ ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 3, | ചേന്നാട്ടുശ്ശേരി ഫിനാൻസിയേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 4, | രാമങ്കരി കോ-ഓപറേറ്റിവ് സൊസൈറ്റി എ.ഡി -10 | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 5, | കൊല്ലംമ്മൂറി ഗോൾഡ് ലോൺ, രാമങ്കരി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| ആകെ | | | 12,500/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:05,തീയതി:2/12/2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 വസ്തു നികുതി കുറവ് ഈടാക്കിയത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം

പഞ്ചായത്ത് മൂന്നാം വാർഡിലെ പ്രഥമ മേഖലയിൽ താമസമാക്കിയ ജയകൃഷ്ണൻ വെട്ടത്ത്, എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ (കെട്ടിട നം: III/522B) പഞ്ചായത്തിൽ സമർപ്പിച്ച അപ്രൂവ്ഡ് കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 213.64 ച:മീ ആണ്. എന്നാൽ സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ ടി കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 168.41 ച.മീ എന്ന് രേഖപ്പെടുത്തിയാണ് നിലവിൽ വസ്തു നികുതി ഈടാക്കുന്നത്. ഇത്തരത്തിൽ യഥാർത്ഥിലുള്ള തറ വിസ്തീർണ്ണത്തിൽ 45.23 ച:മീ കുറവ് വരുത്തി വസ്തു നികുതി ഈടാക്കിയത് മൂലം

വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് പ്രതിവർഷം 377/- രൂപയുടെ നഷ്ടമാണ് ഉണ്ടാകുന്നത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:15, 08-12-22 ) മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക ഇടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വസ്തുനികുതി നിലവിൽ ഈടാക്കുന്നതും യഥാർത്ഥത്തിൽ ഇടാക്കേണ്ടതുമായ വസ്തുനികുതിയുടെ വിവരങ്ങൾ താഴെ വിശദീകരിക്കുന്നു

| | കെട്ടിടത്തിന്റെ നികുതി നിലവിൽ നിർണയിച്ചത് | കെട്ടിടത്തിന്റെ വസ്തുനികുതി നിർണയിക്കേണ്ടത് | കുറവ് വന്ന തുക |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 168.41 $M^2$ @7 = 1179 | 213.64$^{m2}$ @7= 1496 | |
| ലൈബ്രറി സെസ് 5% | 59 | 75 | |
| സർവീസ് ടാക്സ് | 165 | 209 | |
| ആകെ | 1403/- | 1780/- | 377/- |

## 1-13 ഓഡിറ്റ് ഇംപാക്ട്- ഓഡിറ്റ് നിർദ്ദേശിച്ചതിനെ തുടർന്ന് ലൈസൻസ് ഫീസിനത്തിലുള്ള കുറവ് വന്ന തുക പഞ്ചായത്തിൽ ഒടുക്കി

2021-22 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കെ.എ.സി റബ്ബേഴ്സ് എന്ന സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ പത്രത്തിൽ പറയുന്ന മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്ത് രാജ് ആക്ട്- 232 വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പട്ടികll പ്രകാരം ഇടാക്കേണ്ട ലൈസൻസ് ഫീസിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | PCB രജിസ്ട്രേഷൻ നമ്പർ / PCB | ഈടാക്കിയ ലൈസൻസ് ഫീസ് | ഇടാക്കേണ്ട ലൈസൻസ് ഫീസ് | വരുമാന നഷ്ടം |
|---|---|---|---|---|---|
| 1 | കെ.എ.സി റബ്ബേഴ്സ്, രാമങ്കരി | PCB\ALP \UCO-3020\13 (49 ലക്ഷം) | 500 | 1000 | 500/- |
| | ആകെ | | | | 500/- |

സ്ഥാപന ഉടമ ലൈസൻസിനത്തിൽ അധികമായി അടവാക്കേണ്ട തുക 08.12.2022 ന 1220101500 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ ഒടുക്കിയതായി.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:4 /തീയതി: 02-12-22 ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-14 കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

2021-22 ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലെ കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ പഞ്ചായത്തിൽ ലൈസൻസിനായി അപേക്ഷ സമർപ്പിക്കുകയോ ലൈസൻസ് ഫീസ് ഒടുക്കുകയോ ചെയ്തിട്ടില്ല. 22.01.2019 ലെ സിവിൽസപ്ലൈസ് ഡയറക്ടറുടെ (സി.എസ്)എ9-764/2019 നമ്പർ സർക്കുലറിൽ കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ ലൈസൻസ് ഫീസ് ഒടുക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:04 തീയതി:02-12-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇത് കൂടാതെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണ് പ്രവർത്തനം നടത്തുന്നത് എന്ന ഉറപ്പാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ലാ എന്ന വിവരം ഉറപ്പുവരുത്തേണ്ടതാണ്.ആ ഓഡിറ്റിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്. ഇത്തരം വരുമാന നഷ്ടം ഒഴിവാക്കുന്നതിന്' നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിഷയം ധനകാര്യ

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 നാപ്കിൻ വെന്റിംഗ് യൂണിറ്റ് -നാളിതുവരെ പ്രവർത്തന സജ്ജമാക്കിയില്ല- സാമഗ്രികൾ നാളിതുവരെയും പൂർണ്ണമായും ലഭ്യമായില്ല-59996/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.100/22

നാപ്കിൻ വെന്റിംഗ് യൂണിറ്റ്

നിർവ്വഹണം – വി ഇ ഒ (രാമങ്കരി)
10250- വികസന ഫണ്ട്

89750- ധനകാര്യ കമ്മീഷൻ അവാർഡ്

ആകെ അടങ്കൽ-100000

ചെലവ്-59996/-(198/25.03.2022)

സ്കൂളുകൾക്ക് 100000 രൂപയിൽ അധികരിക്കാത്ത തുകയിൽ നാപ്കിൻ വെന്റിംഗ് യൂണിറ്റ് വാങ്ങൽ എന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരളാ സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (K S I E) എന്ന സ്ഥാപനത്തിന്റെ 16.03.2022 ലെ ഇൻവോയ്സ് നം. TVMBC-307/21-22 പ്രകാരം 59,996/- രൂപ പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| Sl No. | Description Of Goods | Quantity | Rate | Rate Incl.GST |
|---|---|---|---|---|
| 1 | Femina FLT Pose 15-sanitary Napkin Desrtoyer | 1 | 23795.76 | 28079 |
| 2 | Femina Fantasia 100H Sanitary Napkin Vending Machine | 1 | 21007.62 | 24788 |
| 3 | Sanitary Napkin ANION CHIP | 891<br>(891 Nos Of Sanitary Pads) | 8 | 7128 |
| | Total | | | 59996 |

നാപ്കിൻ വെന്റിംഗ് യൂണിറ്റ് നൽകിയ എൻ എസ് എസ് ഹൈസ്കൂൾ , രാമങ്കരിയിൽ 08.12.2022ൽ ഭൗതിക പരിശോധന നടത്തിയതിൽ ക്രമ നം.1 , 2 എന്നിവ ലഭിച്ചിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെട്ടു. എന്നാൽ പ്രസ്തുത ഉപകരണങ്ങൾ നാളിതുവരെ പ്രവർത്തനസജ്ജമാക്കുകയോ പ്രവർത്തന രീതി സ്കൂൾ അധികൃതർക്ക് വിശദീകരിച്ച നൽകുകയോ ചെയ്തിട്ടില്ല. കൂടാതെ ക്രമ നം. 3 പ്രകാരമുള്ള Sanitary Pads ലഭിച്ചിട്ടില്ല എന്ന് സ്കൂൾ അധികൃതർ അറിയിച്ചു. ന്യൂനതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.20/08.12.2022) മെഷീൻ പ്രവർത്തിപ്പിച്ച് ട്രെയിനിംഗ് നൽകിയിട്ടുള്ളതാണെന്ന് K S I E അറിയിച്ചതായും ഉപയോഗരീതി പഠിക്കുന്നതിനായി വീണ്ടും ട്രെയിനിംഗ് ആവശ്യമെങ്കിൽ നിർവ്വഹണ ഏജൻസിയെക്കൊണ്ട് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും വി ഇ ഒ മറുപടി ലഭ്യമാക്കി. സ്കൂൾ വിദ്യാർത്ഥിനികൾക്ക് വളരെ ഉപയോഗപ്രദമാകുമായിരുന്ന ഒരു പ്രോജക്ട് നാളിതുവരെ ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഇതിൽനിന്നും വ്യക്തമാകുന്നു. പ്രവർത്തനസജ്ജമാക്കാത്ത ഉപകരണങ്ങൾക്ക് ചെലവായ 52868/- രൂപയും സാനിറ്ററി പാഡ് ലഭിച്ചിട്ടില്ലാത്തതിനാൽ ആയതിനുള്ള ചെലവ് 7128/- രൂപയും ഉൾപ്പടെ 59996/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാക്കി ആയത് പ്രവർത്തനക്ഷമമാക്കി വിശദാംശം അറിയിക്കുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-16 ഫാമിലി ഹെൽത്ത് സെന്ററിലേക്ക് ഖരമാലിന്യ സംസ്കരണപ്ലാന്റ്- നാളിതുവരെ പ്രവർത്തനസജ്ജമായില്ല 659359 /- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.128/22

ഫാമിലി ഹെൽത്ത് സെന്ററിലേക്ക് ഖരമാലിന്യ സംസ്കരണപ്ലാന്റ്

നിർവ്വഹണം- വി ഇ ഒ
30061- വികസന ഫണ്ട്

629300- ധനകാര്യ കമ്മീഷൻ അവാർഡ്

ആകെ അടങ്കൽ- 659361

ചെലവ്-659361(629300/-197/25.03.2022, 30061/-196/25.03.2022)

ഗ്രാമ പഞ്ചായത്തിലെ ഫാമിലി ഹെൽത്ത് സെന്ററിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഖരമാലിന്യ സംസ്കരണപ്ലാന്റ് സ്ഥാപിക്കുക എന്നതായിരുന്ന പ്രോജക്ട് ലക്ഷ്യം. ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരളാ സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ 16.03.2022 ലെ ഇൻവോയ്സ് നം. TVMBC-306/21-22 പ്രകാരം 659361/- രൂപ പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| Sl No. | Description | Unit Rate | GST Rate | Grand Total |
|---|---|---|---|---|
| 1. | Sanitary Napkin Destroyer – FLT DIAPRO 30 | 263526 | 47434 | 310960 |
| 2. | Filtration System FS001FLT | 295254 | 53145 | 348399 |
| | Total | | | 659359 |

08.12.2022ൽ സ്ഥാപനത്തിൽ ഭൗതിക പരിശോധന നടത്തിയതിൽ ക്രമ നം.1 Sanitary Napkin Destroyer – FLT DIAPRO 30 മാത്രമാണ് ലഭിച്ചിട്ടിള്ളത് എന്ന് ബോദ്ധ്യമായി. ആയത് നാളിതുവരെ പ്രവർത്തനസജ്ജമാക്കിയിട്ടുമില്ല. കൂടാതെ ക്രമ നം. 2 പ്രകാരമുള്ള ഉപകരണം ലഭിച്ചിട്ടില്ല. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/08.12.2022) മറുപടി ലഭിച്ചില്ല. തുക മുൻകൂർ നല്കി 9 മാസം പിന്നിട്ടിട്ടും പ്രവർത്തനസജ്ജമാക്കിയില്ലാത്ത ഉപകരണത്തിന് ചെലവഴിച്ച 310960 രൂപയും നാളിതുവരെ ലഭ്യമാകാത്ത ഉപകരണത്തിന്റെ വില 348399 രൂപയും ഉൾപ്പടെ ആകെ 659359 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത ഉപകരണങ്ങൾ പ്രവർത്തന സജ്ജമാക്കി വിശദാംശം ലഭ്യമാക്കുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

1-17 പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം- ഒരേ ഗുണഭോക്താവിന് രണ്ട് തവണ ധനസഹായം നൽകി-5000/- രൂപ നിരാകരിക്കുന്നു-

പ്രോജക്റ്റ് നം.106/22

പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം(സ്പിൽ ഓവർ)

നിർവ്വഹണം – വി ഇ ഒ(രാമങ്കരി)
ധന.കമ്മീഷൻ അവാർഡ്-260688,
സംസ്ഥാനാവിഷ്കൃത ഫണ്ട്-312192,
ആകെ അടങ്കൽ- 572880

ചെലവ് -572880/-

വി.ഇ.ഒ 2021-22ൽ നടപ്പിലാക്കിയ ഈ പ്രോജക്റ്റ് പ്രകാരം സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് നൽകുന്നതിനായി ഒരാൾക്ക് 9240 /-രൂപ വീതം 62 ഗുണഭോക്താക്കൾക്ക് ആകെ 572880/-രൂപ ധനസഹായം നൽകിയിട്ടുണ്ട്. സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 5000/- രൂപയും ധന.കമ്മീഷൻ അവാർഡ് തുകയിൽ നിന്നും 4240/- രൂപയും വീതമാണ് ഓരോ ഗുണഭോക്താവിനും അനുവദിച്ചിട്ടുള്ളത്. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ ഗിരിജമ്മ എന്ന ഗുണഭോക്താവിന് രണ്ട് പ്രാവശ്യം ധനസഹായം നൽകിയിട്ടുണ്ട് എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ബിൽ/വൗച്ചർ നം./തീയതി | അനുവദിക്കാവുന്ന തുക | അനുദിച്ച തുക | അധികം നൽകിയതുക |
|---|---|---|---|---|---|
| ഗിരിജമ്മ A/C No. 40644101053212 IFS Code KLGB0040644 | 5000 | 19/26.07.2021 | 9240 | 14240 | 5000 |
| | 4240 | 68/01.11.2021 | | | |
| | 5000 | 44/15.09.2021 | | | |

ഗുണഭോക്താവിന് രണ്ട് പ്രാവശ്യം ധനസഹായം നൽകിയതുമൂലം 5000 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/09.12.2022 )മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 5000/-രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-18 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾകൾക്കുള്ള സ്കോളർഷിപ്പ്- അർഹമായ തുക പൂർണ്ണമായും വിതരണം ചെയ്തില്ല-

| പ്രോജക്റ്റ് നം. | എസ്സ്-0006/22 |
|---|---|
| അടങ്കൽ | 681025/- |
| ചെലവ് | 654300 |
| 1)BRN No.21060452021600402738/13.09.21 | 76700/- |
| 2)BRN No.21060452021600498617/08.10.21 | 149500/- |
| 3) BRN No.21060452021600402727/13.09.21 | 143600/- |
| 4)BRN No.21060452021600994732/22.01.22 | 95925/- |
| 5)BRN No.21060452021601204670/22.01.22 | 92000/- |
| 6)BRN No.21060452021601001038/24.01.22 | 96575/- |

ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്ന 26 കുട്ടികൾക്ക് തൻവർഷം സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 22 പേർ മാനസിക വെല്ലുവിളി നേരിടുന്നവരും, 4 പേർ ശാരീരിക വൈകല്യം ഉള്ളവരുമാണ്. 22 പേരിൽ 6 പേർക്ക മാത്രമാണ് സ്കോളർഷിപ്പ് തുകയായ 28500/- രൂപ പൂർണ്ണമായും നൽകിയിട്ടുള്ളത്.ബാക്കിയുള്ള 16 പേർക്കും 27500/- രൂപ വീതം മാത്രമാണ് നൽകിയിട്ടുള്ളത്.25-01-19 ലെ സർക്കുലർ നം.ഡിഎ-1/19/2019 തസ്വഭവ നം. സർക്കുലർ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി വിതരണം ചെയ്യാൻ ICDS/CDPO മാർ ശ്രദ്ധിക്കേണ്ടതും, ആയതിന് മതിയായ തുക നീക്കിവെയ്ക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ രാമങ്കരി ഗ്രാമ പഞ്ചായത്തിൽ 21-22 ൽ സ്കോളർഷിപ്പ് തുകയായ 28500/- രൂപ പൂർണ്ണമായും കുട്ടികൾക്ക് വിതരണം ചെയ്തിട്ടില്ല. തൻവർഷം വിതരണം ചെയ്യാൻ കുടിശ്ശികയുള്ള തുക അടുത്ത വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുമില്ല. ഇപ്രകാരം സ്കോളർഷിപ്പ് തുക പൂർണ്ണമായി വിതരണം ചെയ്യാതിരുന്നതിന് വിശദീകരണമാരാഞ്ഞ് നൽകിയ എൻക്വയറിക്ക് (13/6-12-22 ) ലഭ്യമാക്കിയ

മറുപടിയിൽ തുക കണക്കുകൂട്ടിയതിലെ പിഴവ് മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുള്ളത് . മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും പൂർണ്ണമായും വിതരണം ചെയ്യേണ്ടതും, ആയതിനാവശ്യമായ തുക പ്രൊജക്ടിൽ വകയിരുത്തേണ്ടതുമാണ്.ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-19 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്ന് ലഭിച്ചില്ല

പ്രോജക്ട് നം.- 152/22

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 150000/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)

ചെലവ് -150000/-(BRN 401203016 തീയതി.25.02.2022)

മെഡിക്കൽ ഓഫീസർ (ഹോമിയോ ) നടപ്പാക്കിയ പ്രസ്തുതപ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിനായി 150000/- രൂപ ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്( ഇൻവോയ്സ് നം.PF1522/21.02.2022) . ലഭിച്ച മരുന്നുകളുടെ വിശദാംശം ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പടെ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/02.12.2022) മരുന്ന് ലഭിക്കാത്ത വിവരം സൂചിപ്പിച്ച് ഹോംകോ മാനേജിംഗ് ഡയറക്ടർക്ക് ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ടെന്നും താമസംവിനാ മരുന്നുകൾ എത്തിച്ച് നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ 150000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സംഒഴിവാക്കേണ്ടതാണ്.

## 1-20 മെറിറ്റോറിയസ് സ്കോളർഷിപ്പ്- അർഹതാരേഖ ഹാജരാക്കിയില്ല- 20000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. -23/22

അടങ്കൽ -514644(വികസന ഫണ്ട് - എസ് സി പി)

ചെലവ് - 510000

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ് സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് പ്രോജക്ടിൽ ബി കോം വിത്ത് എയർപ്പോർട്ട് &ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പഠിക്കുന്ന അനൂപ് .എ. യു എന്ന വിദ്യാർത്ഥിക്ക് 20000/- രൂപ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. (140000/-BRN100499487/08.10.2021) എന്നാൽ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന തലവന്റെ സാക്ഷ്യപത്രം പരിശോധിച്ചതിൽ കോഴ്സ് കാലാവധി 2018-2021 ആണെന്ന് വ്യക്തമാകുന്നു. 2021ൽ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥിക്ക് 2021-22 വർഷത്തെ സ്കോളർഷിപ്പ് നൽകിയതിന് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (നം.06/02.12.2022)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മെറിറ്റോറിയസ് സ്കോളർഷിപ്പിനുള്ള അർഹതാരേഖ ഹാജരാക്കാത്തതിനാൽ 20000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 അനുപൂരക പോഷകാഹാര വിതരണം-കടത്തുകൂലി അധികം നൽകി-7190/- രൂപ നിരാകരിക്കുന്നു-

അനുപൂരക പോഷകാഹാര വിതരണം- നിർവ്വഹണത്തിലെ അപാകതകൾ-

അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതിയുടെ ചെലവ് രേഖകളുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.കയറ്റിറക്ക് കൂലിയിനത്തിൽ അധികം ചെലവഴിച്ചു-

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 17 അംഗൻവാടികളിലേയ്ക്കാവശ്യമായ ഭക്ഷണ സാധനങ്ങളിൽ അമൃതം പൊടി , ടെൻ സ്റ്റാർ അമൃതം ഫുഡ് പ്രൊഡക്ട്സ്, വേഴപ്ര എന്ന സ്ഥാപനത്തിൽ നിന്നും, ബാക്കിയുള്ളവ കേരള സംസ്ഥാന സിവിൽ സപ്ലൈസ്, കോർപ്പറേഷൻ, കുറിച്ചിയിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ജനറൽ ഫീഡിംഗിനുള്ള ഭക്ഷണ സാധനങ്ങൾ സിവിൽ സപ്ലൈസ്, കോർപ്പറേഷൻ കുറിച്ചിയിൽ നിന്നും വിവിധ അംഗൻ വാടികളിൽ എത്തിച്ചു നൽകുന്നതിന് കിലോ ഗ്രാമിന് 2.85 രൂപ നിരക്കിൽ കരാർ എടുത്തിട്ടുള്ളത് പി.ടി.കുഞ്ഞുമോൻ പൊന്നാലയം എന്ന വ്യക്തിയാണ്. കയറ്റിറക്ക കൂലിയിനത്തിൽ ടിയാന് രണ്ടു തവണയായി 44541/- രൂപ നൽകിയിട്ടുണ്ട്. ഹാജരാക്കിയ ബിൽ പ്രകാരം ആകെ വാങ്ങിയ ഭക്ഷണ സാധനങ്ങളുടെ വിവരം ചുവടെ ചേർക്കും പ്രകാരമാണ്.

| സ്ഥാപനം | ബിൽ നം./ തീയതി | വാങ്ങിയ | 2.85 രൂപ/kg. | പരാമർശം |
|---|---|---|---|---|

| | | ആകെ അളവ് | നിരക്കിൽ അനുവദനീയമായ തുക | |
|---|---|---|---|---|
| സിവിൽ സപ്ലൈസ്, കോർപ്പറേഷൻ, കുറിച്ചി. | 20401/30-01-21 | 2505 | 7139/- | |
| സിവിൽ സപ്ലൈസ്, കോർപ്പറേഷൻ, കുറിച്ചി. | 21114/31-05-21 | 2613 | 7447/- | |
| സിവിൽ സപ്ലൈസ്, കോർപ്പറേഷൻ, കുറിച്ചി. | 21393/30-06-21 | 2615 | 7452/- | |
| സിവിൽ സപ്ലൈസ്, കോർപ്പറേഷൻ, കുറിച്ചി. | 21544/30-09-21 | 2813 | 8017/- | |
| സിവിൽ സപ്ലൈസ്, കോർപ്പറേഷൻ, കുറിച്ചി. | 21868/22-01-22 | 2560 | 7296/- | |
| ആകെ അനുവദനീയമായത് | | | 37351/- | |
| ആകെ നൽകിയത് | | | 44541/- | |
| അധികം നൽകിയത് | | | 7190/- | |

ഈ സാഹചര്യത്തിൽ അധികം നൽകിയ 7190/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

2)ഒരേ തീയതിയിൽ വ്യത്യസ്ത ബില്ലുകൾ പ്രകാരം ഒരേ അളവിൽ സാധനം വിതരണം ചെയ്തു-

THRS വാങ്ങിയതുമായി ബന്ധപ്പെട്ട് ടെൻസ്റ്റാർ അമൃതം ഫുഡ് പ്രൊഡക്ട്സ് ഹാജരാക്കിയ ബില്ലുകൾ പരിശോധിച്ചതിൽ 28/01/22 ൽ തന്നെ ബിൽ നം. 82 പ്രകാരവും ബിൽ നം. 103 പ്രകാരവും 633.50 Kg അമൃതം ഫുഡ് വിതരണം ചെയ്തതായാണ് രേഖകൾ. ടി രണ്ടു ബില്ലുകളുടെയും ആകെ തുക 47829/- രൂപയാണ്.ഇതിൽ ബിൽ നം. 82 പ്രകാരമുള്ള തുകയിൽ 24315/- രൂപയും ബിൽ നം. 103 പ്രകാരമുള്ള തുകയിൽ 6208/- രൂപയും പാസ്സാക്കി നൽകിയിട്ടുണ്ട്.(BRN No.21060452021601470982, Rs-122025/-,dt.26-03-22) എന്നാൽ ടി രണ്ടു ബില്ലുകൾ പ്രകാരവും വിതരണം ചെയ്ത അമൃതം ഫുഡ് പ്രൊഡക്ട്സ് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.അമൃതം ഫുഡ് പ്രൊഡക്ട്സ് വിതരണം ചെയ്യുന്ന ടെൻസ്റ്റാർ കുടുംബശ്രീ യൂണിറ്റ് നൽകുന്ന ബില്ലുകൾക്ക് യാതൊരു ആധികാരികത ഇല്ലെന്നും, ബില്ലുകൾ യഥേഷ്ടം ലഭ്യമാകുമെന്നുമാണ് ഈ അപാകതകളിൽ നിന്നും വ്യക്തമാകുന്നത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (21/09-12-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

അനുബന്ധ വിവരങ്ങൾ-

പ്രൊജക്ട് നം.-എസ്സ്-0008/22

ചെലവ് വിവരം – 1)BRN No.21060452021600241526/ 27-07-21, Rs-588232/-(ഇതിൽ 23839/- രൂപ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്)

2)BRN No.21060452021601346586/ 16-03-22, Rs-20702/-

ആകെ നൽകിയത് – 44541/- രൂപ (23839 +20702)

അടങ്കൽ – 1761794/-

## 1-22 തുക മുൻകൂർ നൽകിയിട്ടുംകേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് ലഭിച്ചില്ല

പ്രോജക്ട് നം.- 48/22

പ്രോജക്ടിന്റെ പേര് - ഫാമിലി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ

അടങ്കൽ - 150000/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)

ചെലവ് -150000/-(BRN 300822072 തീയതി.21.12.2021)

മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ നടപ്പാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി 150000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. (ഇൻവോയ്സ് നം.PRF3855/06.12.2021). മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശം(ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ), മേൽപ്രകാരമുള്ള മരുന്ന് വാങ്ങലിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ NAC എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.7/02.12.2022) മറുപടി ലഭിച്ചില്ല. സമയബന്ധിതമായി മരുന്ന് ലഭ്യമാകാത്തത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നതിനാൽ മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയ രേഖകൾ ഹാജരാക്കുന്നത് വരെ 150000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ -വിനിയോഗ രേഖകളുടെ അഭാവത്തിൽ 65000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2021-22 വർഷം വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പ്രവർത്തിയ്ക്കായി നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിവരം | നൽകിയ തുക | ബില്ലിന്റെ വിവരം | പരാമർശം |
|---|---|---|---|---|
| 1. | 3,8,10 വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രൊ.നം.എസ്സ്-0089/22 | 58408/-<br>6592/- | RO-322020, Dt.17.03.2022<br>RO-322028, Dt.21.03.2022 | KSEB യുമായി നിർവ്വഹണ ഉദ്യോഗസ്ഥ ഏർപ്പെട്ട കരാർ പ്രകാരം 2022 മാർച്ച് 31 ന് മുൻപ് പ്രവർത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. |
| | ആകെ | 65000/- | | |

പദ്ധതിയുടെ പൂർത്തീകരണ രേഖകളും വിനിയോഗ രേഖകളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/06-12-22)മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 65000/- തടസ്സപ്പെടുത്തുന്നു.

## 1-24 വാട്ടർ ചാർജ്ജ് -കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുന്നു-

രാമങ്കരി ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം 169 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ എല്ലാ മാസവും 77641/- രൂപയാണ് 07/2022 വരെ കേരള വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തു വന്നിരുന്നത്. ടി തുക മാത്രമാണ് പഞ്ചായത്ത് പ്രതിമാസം അടച്ചു പോരുന്നത്. എന്നാൽ 08/22 മുതൽ കേരള വാട്ടർ അതോറിറ്റി ടാപ്പുകളുടെ എണ്ണവും വാട്ടർ ചാർജ്ജും വർദ്ധിപ്പിക്കുകയും, 08/22 ലെ ഡിമാന്റ് നോട്ടീസിൽ ടാപ്പുകളുടെ എണ്ണം 240 ആയും, വാട്ടർ ചാർജ്ജ് 110260/- രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. സംയുക്ത പരിശോധന നടത്താതെ വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചതിനെതിരെ 19-04-22 ലെ 4(2)-ാം നമ്പർ തീരുമാനം പ്രകാരം പരാതി നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുടർ നടപടി വിവരങ്ങളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. 3/22ലെ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശികയിനത്തിൽ 13,30,778/- രൂപ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്. 8/22 മുതൽ അധികമായി ഡിമാന്റ് ചെയ്ത തുകയിൽ ഒടുക്കിയ തുകയുടെ ബാക്കിയും, ആയതിന്റെ ഫൈനും ഉൾപ്പെടെയുള്ള തുകയാണിത്.ഓരോ മാസവും ഇപ്രകാരം പിഴപ്പലിശ കൂടി വരുന്നത് മൂലം വാട്ടർ ചാർജ്ജ് ഇനത്തിൽ ഭീമമായ തുക കുടിശ്ശികയായി തീരുന്നതാണ്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന പിന്നീട് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, വാട്ടർ ചാർജ്ജ് കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി-11) വാട്ടർ അതോറിറ്റിയുമായി ചേർന്ന് അടിയന്തിരമായി സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണവും, വാട്ടർ അതോറിറ്റി ഏകപക്ഷീയമായി വാട്ടർ ടാപ്പുകളുടെ എണ്ണം വർദ്ധിപ്പിച്ചത് മൂലം കുടിശ്ശികയായി ബില്ലിൽ രേഖപ്പെടുത്തി വരുന്ന

തുകയും ക്രമീകരിക്കേണ്ടതാണ്.

## 1-25 പൈപ്പ് ലൈൻ നീട്ടൽ -പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല-2080500/-രൂപ തടസ്സപ്പെടുത്തുന്നു-

രാമങ്കരി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തികൾക്കായി 2021-22 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റിക്ക് ചുവടെ ചേർക്കും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ടിന്റെ നമ്പരും പേരും | കൈമാറിയ തുക | ട്രഷറി ബിൽ നം ./തീയതി | റിമാർക്ക്സ്. |
|---|---|---|---|---|
| 1 | എസ്സ്-0127/22-10-ാം വാർഡിൽ നെല്ലുവേലി മുതൽ കാനത്താരി വരെ പൈപ്പ് ലൈൻ നീട്ടൽ | 330000/- | 330000/-33/21-22 , 23.03.22 | KWA യുമായുള്ള കരാർ പ്രകാരം30-06-22ന് പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്. |
| 2 | എസ്സ്-0139/22-വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷന് അധിക തുക നൽകിയത്. ലൈൻ സ്ഥാപിക്കൽ | 308570/-<br>43430/- | RO-322039, Dt.28.03.2022.<br>BRN No.479755/26-03-22. | -ടി- |
| 3 | എസ്സ്-0136/22-ഒന്നാം വാർഡിൽ അംഗനവാടി മുതൽ സർപ്പക്കാവ് വരെ പൈപ്പ് ലൈൻ നീട്ടൽ. | 100000/- | RO-322039, Dt.28.03.2022 | -ടി- |
| 4. | എസ്സ്-0134/22-ഹോമിയോ ആശുപത്രി മുതൽ പാക്കള്ളിൽ പാലം വരെ പൈപ്പ് ലൈൻ നീട്ടൽ. | 400000/- | RO-322039, Dt.28.03.2022 | -ടി- |
| 5. | എസ്സ്-0133/22-04-ാം വാർഡിൽ-442 SNDP മുതൽ ആറ്റിറമ്പ് വരെ പൈപ്പ് ലൈൻ നീട്ടൽ. | 150000/- | RO-322039, Dt.28.03.2022 | -ടി- |

| | | | | |
|---|---|---|---|---|
| 6. | എസ്സ്-0131/22-02-ാം വാർഡിൽ മുക്കം മുതൽ ഇടത്തോട്ട് മണലാടി ജെട്ടി വരെ പൈപ്പ് ലൈൻ നീട്ടൽ | 150000/- | RO-322040, Dt.28.03.2022 | -ടി- |
| 7. | എസ്സ്-087/22-13-ാം വാർഡിൽ പള്ളിക്കുട്ടുമ്മ – പുതുവൽ മണിയന്റെ വീട് മുതൽ അരിക്കോടിച്ചിറ വരെ പൈപ്പ് ലൈൻ നീട്ടൽ. | 598500/- | RO-322039, Dt.28.03.2022 | -ടി- |
| | ആകെ | 2080500/- | | |

ഫയൽ പരിശോധിച്ചതിൽ പൂർത്തീകരണ സാക്ഷ്യപത്രം KWA യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല എന്ന് കണ്ടു. ടി പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കുവാനും, വിനിയോഗ രേഖകൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി-12/06-12-22) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ രേഖകളുടെ അഭാവത്തിൽ 2080500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു-

## 1-26 MCF നിർമ്മാണം-സിഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്തവ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ചട്ടങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി-

പ്രോജക്ട് നം.130/22

എല്ലാവാർഡുകളിലും പോർട്ടബിൾ മിനി എം സി എഫ്

നിർവ്വഹണം – വി ഇ ഒ
അടങ്കൽ- -1107548/-സംസ്ഥാനാവിഷ്കൃത ഫണ്ട്

ചെലവ്- 1107548/-(179/21.03.2022)

ഓരോവാർഡിലെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ അതാതു വാർഡുകളിൽ ഹരിതകർമ്മസേന അംഗങ്ങൾ മുഖേന ശേഖരിക്കുന്നതിന് പോർട്ടബിൾ മിനി എം സി എഫ് സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ ചുവടെ ചേർക്കുന്ന ഇൻവോയ്സുകൾ പ്രകാരം 26 പോർട്ടബിൾ മിനി എം സി എഫ് വാങ്ങുന്നതിനായി 1107548 /- രൂപ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നം. | തീയതി/തുക | എണ്ണം | നൽകിയ തുക/തീയതി |
|---|---|---|---|---|
| 1 | ALPY/21-22/172 | 28.02.2022 425980/- | 10 | 1107548/- 21.03.2022 |
| 2 | ALPY/21-22/209 | 11.03.2022 425980/- | 10 | |
| 3 | ALPY/21-22/218 | 17.03.2022 255588/- | 6 | |
| | ആകെ | 1107548 | | 1107548 |

വാങ്ങലുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. MCF Mediam Size180 Cm L/150*180cm Width/198*120cm Height സ്പെസിഫിക്കേഷനിലുള്ള ഇനം സിഡ്കോയുടെ

പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനം ക്വട്ടേഷൻ /ടെണ്ടർ ക്ഷണിക്കാതെയാണ് വാങ്ങിയിട്ടുള്ളത്. ജി എസ് റ്റി ഉൾപ്പടെ ഒരെണ്ണത്തിന് 42598/- രൂപ വില നൽകിയിട്ടുണ്ട്.

2. സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ.(പി) നം. 03/2013 /എസ്.പി.ഡി. തീയതി.21.06.2013 പ്രകാരം സാധന/സേവന സമാഹരണത്തിൽ കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കുവാൻ മാന്വലിലെ മാനദണ്ഡങ്ങൾക്ക് വിധേയമാക്കണം എന്ന് ഖണ്ഡിക (1.3) ൽ പ്രതിപാദിക്കുന്നുണ്ട്. കൂടാതെ

അക്രഡിറ്റേഷൻ ഉത്തരവുകളിൽ Enlist ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും Bidding മുഖേനയാണ് ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത് എന്ന 25.07.2017 ലെ സ.ഉ.(പി) 95/2017/ധന നമ്പർ ഉത്തരവിലെ നിബന്ധന കൃത്യമായുംപാലിക്കണമെന്ന നിർദ്ദേശം എല്ലാ പഞ്ചായത്തുകൾക്കും പഞ്ചായത്ത് ഡയറക്ടർ നൽകേണ്ടതാണെന്ന് സർക്കാർ ഉത്തരവ് ഉണ്ട്. (21.10.2020 ലെ സ.ഉ (സാധാ) നം.1978/2020/ത സ്വ ഭ വ) എന്നാൽ മിതവ്യയത്വം ഉറപ്പാക്കുന്നതിനായി മററ് ഏജൻസികളിൽ നിന്നും മിനി എം സി എഫ് ന്റെ വില താരതമ്യം ചെയ്തിട്ടില്ല.

ന്യൂനതയ്ക്ക് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ20/08.12.2022) പ്രോജക്ടിൽ നിർവ്വഹണ ഏജൻസിയായി സിഡ്കോ എന്ന് രേഖപ്പെടുത്തിയതിനാലും സിഡ്കോയിൽ നിന്ന് വാങ്ങൽ നടത്തുമ്പോൾ ടെണ്ടർ നടപടി ആവശ്യമില്ല എന്നതിനാലുമാണ് ഇപ്രകാരം വാങ്ങൽ നടത്തിയത് എന്ന് മറുപടി ലഭ്യമാക്കി. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ചാപ്റ്റർ 3, ആർട്ടിക്കിൾ 40(b) (സ്റ്റാൻഡേർഡ്സ് ഓഫ് ഫിനാൻഷ്യൽ പ്രൊപ്രൈറ്റി ) (1) ചുവടെ ചേർക്കും പ്രകാരം അനുശാസിക്കുന്നു. “ The Expenditure Should Not Be Prima Facie More Than The Occasion Demands. Every Govt. Servant Is Expected To Exercise The Same Diligence And Care Inrespect Of All Expenditure From Public Moneys Under His Control As A Person Of Ordinary Prudence Would Exercise Inrespect Of The Expenditure Of His Own Money “ അതനുസരിച്ച് പൊതുപണം ചെലവഴിക്കുമ്പോൾ ഒരു സാധാരണ വ്യക്തി കാണിക്കേണ്ടുന്ന ജാഗ്രതയും ഈ പദ്ധതി നിർവ്വഹണത്തിൽ കാണിച്ചിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ചട്ടങ്ങൾ പാലിച്ച് വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിലേക്ക് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

ചിത്രം-1




സിഡ്കോ മുഖേന 42598/- രൂപ ചെലവഴിച്ച് നിർമ്മിച്ച 1 യൂണിറ്റ് MCF

ചിത്രം-2



3-ാംവാർഡിൽ പഞ്ചായത്ത് ഓഫീസിന് സമീപം സ്ഥാപിച്ചിട്ടുള്ള MCF കാടുകയറി ഉപയോഗശൂന്യമായ നിലയിൽ

## 1-27 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും ,രേഖകൾ ഹാജരാക്കയില്ല, 25000 /- രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റ് നം S0043/22

അടങ്കൽ - 200000 ( വികസനഫണ്ട് എസ് സി പി )

ചെലവ് - 198382 /- ( 2106045202l901360673 /17.03.22 )

എച്ച് എം നിർവ്വഹണഉദ്യോഗസ്ഥയായി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും എന്ന പദ്ധതി പ്രകാരം 40 വിദ്യാർത്ഥികൾക്ക് ഒരു മേശയും ഒരു കസേരയും സിഡ്കോയിൽ നിന്നും 5000 രൂപയ്ക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ആനുകൂല്യം കൈപ്പറ്റിയ 40 കുട്ടികളിൽ 5 കുട്ടികളുടെ സ്കൂൾ അധികൃതരിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല . പ്രസ്തുത 5 കുട്ടികൾ പഞ്ചായത്ത് പരിധിക്ക് പുറത്തുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്നവരാണ് .രാമങ്കരി ഗ്രാമപഞ്ചായത്ത് സാധാരണ കമ്മറ്റിയുടെ 23.12.2021 ലെ 1(1) നം തീരുമാന പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01 / 02.12.22 )മറുപടി ലഭ്യമാക്കിയില്ല. സാക്ഷ്യപത്രം ഹാജരാക്കാത്ത കുട്ടികളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1.ശിക്ഷ ജീവൻ കോളനി നമ്പർ 123

2.അദ്വൈദ് റോഫിൻ കുഴിക്കാല കോളനി നമ്പർ 15

3.അമിതാ അനീഷ് പുന്നപറമ്പിൽ ലക്ഷം വീട്

4. ആഷ്ലി പ്രതീഷ് കുഴിക്കാല കോളനി 31

5. അർച്ചന സതീഷ് നികർത്തിൽ വീട്

സ്കൂൾ അധികൃതരിൽ നിന്നുള്ള വിദ്യാർത്ഥികൾ ആണെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 5 കുട്ടികൾക്ക് അനുവദിച്ച മേശയും കസേരയുടെയും വിലയായ 25000 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

## 1-28 കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി നിർവ്വഹിച്ചതായി കാണിച്ച് 17870 /- രൂപ അധിക വേതനം നല്കി-

തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ)തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭൂവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 1.05ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭൂവസ്ത്രം 2.5 മീറ്റർ വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിന് വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05വീതം അധികമായി ഭൂവസ്ത്രം . അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും

കുറഞ്ഞ വിസ്തൃതിയിലേ പ്രവർത്തി ചെയ്യാൻ സാധിക്കൂ. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ ഉൾപ്പെടുത്തലുള്ളത്. എന്നാൽ ഇതനുസരിച്ചുള്ള അളവിൽ കയർഭൂവസ്ത്രം അധികമായി വാങ്ങിക്കാണുന്നില്ല. ആകെ വിസ്തൃതിയിൽ മാത്രമാണ് കയർഭൂവസ്ത്രം വാങ്ങിയിട്ടുള്ളത്. ഇപ്രകാരം കയർ ഭൂവസ്ത്രം വിരിക്കുന്നതിന് അധിക വേതനം നല്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | എം-ബുക്ക് നം. | ഭൂവസ്ത്രം വാങ്ങിയത്. ചതു.മീറ്റർ | ഭൂവസ്ത്രം ഉപയോഗിച്ചത് | ഭൂവസ്ത്രമുപയോഗിക്കാവുന്ന വിസ്തൃതി ചതു.മീറ്റർ (ഭൂവിസ്തൃതി/1.05) | FTO വിവരങ്ങൾ | നല്കിയ തുക | നല്കാവുന്ന തുക (71.586m2) | അധികം |
|---|---|---|---|---|---|---|---|---|
| കൊതേരിക്കാട് പാടശ്ശേഖരത്തിന്റെ അകംബണ്ട് കയർ ഭൂവസ്ത്രം വിരിക്കൽ | 65/ 21-22 | 1960 | 1944.840 | 1866.66 | 10360 /-(05/03 /2022)FTO No.1485270 , 1485314 | 139223.31 | 133626.72 | 5596 |
| ചെറിയാശ്ശേരി പാടശ്ശേഖരത്തിന്റെ അകംബണ്ട് കയർ ഭൂവസ്ത്രം വിരിക്കൽ | 168/ 21-22 | 1856 | 1849.95 | 1767.61 | 10476 /- (02/04 /2022) FTO No.5854 | 132430.52 | 126536.13 | 5894 /- |
| എഴുമാക്കരി 1.പാടശ്ശേഖരത്തിന്റെ അകം ബണ്ട് കയർ ഭൂവസ്ത്രം വിരിക്കൽ | 104(എ) 21-20 | 1680 | 1680 | 1600 | 41144 /- (17/01/2022) FTO No.1201916 | 119856 ( 1674 M2 | 114538 | 5318 /- |
| | | | | ആകെ | | | | 17870 /- |

പ്രസ്തുത വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/08.12.22 ) മറുപടി ലഭ്യമാക്കിയില്ല. . കയർ ഭൂവസ്ത്രം വിരിക്കുന്നതിന് നൽകിയ അധിക വേതനം 17870 /- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക സെക്രട്ടറി ,അസി.സെക്രട്ടറി , അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ബേസ്മെന്റിന് മുകളിൽ ബെൽറ്റ് നിർമ്മിച്ചിട്ടുള്ളപ്പോൾ റബിൾ പ്രവൃത്തിയിൽ ലെവലിംഗ് ചെയ്യുന്നതിന് 1:6:12 സിമന്റ് കോൺക്രീറ്റിംഗ് നടത്തി- അധികച്ചലവ്-824/-

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഗവ.യു പി സ്കൂൾ കോമ്പൌണ്ട് വാൾ ആന്റ് ഗേറ്റ് വാർഡ് നം 11 |
| പ്രോജക്ട് നമ്പർ | 98/21-22 |
| അടങ്കൽ | 264744 /- ( മെയിന്റനൻസ് ഫണ്ട് -റോഡിതരം ) |
| കരാറുകാരൻ | സന്തോഷ് കുമാർ |
| അളവു പുസ്തകം | 45/20-21 |
| ചെലവ് വിവരം | 42385 /- 7/21-22/20.09.21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ ,LSGD |

*രാമങ്കരി ഗ്രാമപഞ്ചായത്ത് ഗവ.യു പി സ്കൂൾ കോമ്പൊണ്ട് വാൾ ആന്റ് ഗേറ്റ് വാർഡ് നം 11 പ്രവൃത്തിയിൽ റബിൾ ഉപയോഗിച്ചുള്ള ഫൗണ്ടേഷനം, ബേസ്മെന്റും നിർമ്മിച്ചിരിക്കുന്നത് സ്പെസിഫിക്കേഷൻ 7.1.1 പ്രകാരമാണ്.( RR Masonary With Hard Stone In Foundation And Plinth Including Leveling Up With Cement Concrete 1:6:12).അളവുപുസ്തകം പേജ് 4ൽ ഇനം 3 ആയി ഈയിനം പ്രവർത്തി 9.306m$^3$ നിർവ്വഹിച്ചതിന് 5897.62/m$^3$ നിരക്കിൽ 54883.25/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.എന്നാൽ ഇതിന് മുകളിൽ ഇനം 4 ആയി പേജ് നം.08 പ്രകാരം റീ ഇൻഫോഴ്സ്മെന്റ് സിമന്റ് കോൺക്രീറ്റിൽ (RCC 1:2:4) ബെൽറ്റ് നിർമ്മിച്ചിട്ടുള്ളതിനാൽ റബിൾ പ്രവൃത്തിയിൽ ലെവലിംഗ് ചെയ്യുന്നതിന് 1:6:12 സിമന്റ് കോൺക്രീറ്റിന്റെ ആവശ്യമില്ല. ഇത് ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.*

| | |
|---|---|
| സ്പെസിഫിക്കേഷൻ 7.1.1 പ്രകാരം ചെയ്ത ബേസ് മെന്റ് ചെയ്ത റബിൾ പ്രവൃത്തിയുടെ ആകെ അളവ് | 9.306 M$^3$ |
| ബേസ് മെന്റിന് മുകളിൽ 1:1:5:3 അനുപാതത്തിൽ ബെൽറ്റ് നിർമ്മിച്ച അളവ്<br>(1.75m3+1.08m3 – പേജ് നം. 6 പ്രകാരം) | 2.326m3 |
| 1:6:12 സിമന്റ് കോൺക്രീറ്റിംഗിന് ഡാറ്റയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക്- (വാട്ടർ ചാർജ്ജ്, CPOH, കോസ്റ്റ് ഇൻഡക്സ് 48.71% ഉൾപ്പെടെ + Gst) | 79.16/m$^3$ |
| അധികം നൽകിയ തുക | 9.306m$^3$ @ 79.16 = 736+88 (GST)=824/-രൂപ |

824 /-രൂപ അധികം നൽകാനിടയായത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി- 24) മറുപടി ലഭ്യമാക്കിയില്ല.അധികം നൽകിയ 824/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവനനിർമ്മാണം - അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിശോധിച്ചതിൽ 2020ൽ നിർമ്മാണം ആരംഭിച്ച പല ഗുണഭോക്താക്കളും ഭവനനിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെപേര് | ആദ്യഗഡു 40000/- നൽകിയതീയതി | ആകെ നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | സോണിയ രതീഷ്, ആറ്റുചിറ, രാമങ്കരി | 30.06.2020 | 300000 | ലിന്റൽ |
| 2 | ആബിതാബീവി,ഊങ്കര, രാമങ്കരി | 30.06.2020 | 300000 | ലിന്റൽ |
| 3 | ബിന്ദു സതീശൻ,മാത്തിൽ പറമ്പിൽ,മണലാടി | 06.01.2020 | 300000 | ലിന്റൽ |
| 4 | അശ്വതിക്കുട്ടി, വെട്ടുത്തുപറമ്പ്, പുതുക്കരി | 30.9.2020 | 360000 | റൂഫ് പൂർത്തിയായി |

പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം തുടങ്ങി 2 വർഷം പിന്നിട്ടിട്ടും അത് പൂർത്തീകരിക്കാത്തതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/02.12.2022) ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഉടൻ തന്നെ പൂർത്തിയാക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല,-40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ചെലവ് വിവരം

ബിൽ നം: 52100150

വൗച്ചർ നം : 22100144

തീയതി : 31.05.2021

തുക: 1,30,000/-

ഫണ്ട്: ശുചിത്വ മിഷൻ ഫണ്ട്

1) മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾക്കായി ശുചിത്വ മിഷനിൽ നിന്ന് ലഭിച്ച ഗ്രാന്റ് 1,30,000/- രൂപ 13വാർഡ് തല ശുചീകരണ സമിതികൾക്കായി (പതിനായിരം രൂപ വീതം)കൈമാറിയിട്ടുണ്ട് .എന്നാൽ വാർഡ്-1,വാർഡ്-2, വാർഡ്-13 എന്നീ വാർഡുകളിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾക്കായി നല്കിയ 30,000/-രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാർഡ് തല ശുചീകരണ സമിതികൾ ഈ തുക ചെലവഴിച്ചതിന്റെ രേഖകൾ,ബാങ്ക് അക്കൗണ്ട്സിന്റെ വിവരങ്ങൾ, ക്യാഷ് ബുക്ക് അടക്കമുള്ള മറ്റ് രേഖകൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കാത്തത് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:22, 9-12-22) മറുപടിയും ലഭ്യമായില്ല.മൺസൂൺ കാലാരംഭത്തിന് മുൻപ് വാർഡുകളിലെ അവശ്യ ശുചീകരണ പ്രവർത്തനങ്ങൾക്ക് നൽകുന്ന പണം യഥാകാലം ചെലവഴിക്കാതിരിക്കുന്നത് പഞ്ചായത്തിന്റെ ആരോഗ്യ, ശുചീകരണ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നു. മേൽ സൂചിപ്പിച്ച വാർഡുകളിലെ വാർഡ് തല ശുചീകരണ സമിതികൾക്കു കൈമാറിയ തുകയുടെ ചെലവ് രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 30,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

2) ഹാജരാക്കിയ ചെലവ് രേഖകൾ ക്രമപ്രകാരമല്ല-10000/- രൂപ ചെലവ് തടസ്സം

വാർഡ് 10 ലെ മഴക്കാല പൂർവ്വ ശുചീകരണത്തിന് ചെലവ് രേഖയായി "Wages Paid For Cleaning Works" എന്ന ശീർഷകത്തിൽ 10,000/- രൂപ ചെലവഴിച്ചതായി എഴുതിയ ഒരു സ്റ്റേറ്റ്മെന്റ് മാത്രമാണ് ഹാജരാക്കിയത്. ക്രമ പ്രകാരം പരിശോധനക്ക് ഹാജരാക്കേണ്ട ശുചീകരണ പ്രവർത്തനങ്ങളുടെ മസ്റ്റർ റോൾ, ചിലവ് വിവരം ഇവ ഹാജരാക്കിയില്ല. ചെലവ് രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം:24, 9-12-22) മറുപടി ലഭ്യമാക്കിയില്ല.

## 1-32 പാലിയേറ്റീവ് കെയർ- സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി മരുന്ന് സ്വകാര്യസ്ഥാപനത്തിൽ നിന്നും വാങ്ങി-

പാലിയേറ്റീവ് കെയർ- മരുന്ന് സ്വകാര്യസ്ഥാപനത്തിൽ നിന്നും വാങ്ങി

പ്രോജക്ട് നം. - 49/22

അടങ്കൽ തുക-6,00,000

ചെലവ് തുക- 599994

പാലിയേറ്റീവ് കെയർ എന്ന പ്രോജക്റ്റ് പ്രകാരമുള്ള മരുന്നുവാങ്ങലുകൾ താഴെപ്പറയും പ്രകാരം ആണ് നടത്തിയിരിക്കുന്നത്.

| ക്രമ നം. | ബിൽ നം./ തീയതി | മരുന്ന് വാങ്ങിയ സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|---|
| 1 | 300516478/ 13.10.2021 | സെന്റ് ജോസഫ് സർജിക്കൽസ്,കുരിശുംമൂട്,ചങ്ങനാശ്ശേരി | 148574 |
| 2 | 301455366/25.03.2022 | | 20660 |

സർക്കാർ ഉത്തരവ് നം.22/2018 തസ്വഭവ, തീയതി – 14.02.2018 (സബ്സിഡി മാർഗ്ഗരേഖ) ഖ.7.5.3 പ്രകാരം അലോപതി മരുന്നുകൾ കേരള സംസ്ഥാന മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മാത്രമേ വാങ്ങാവൂ. അടിയന്തിര ഘട്ടങ്ങളിലെ മരുന്ന് വാങ്ങലിന് മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയുടെ ശുപാർശപ്രകാരം തദ്ദേശസ്ഥാപനത്തിന് കാരുണ്യ/ നീതി/ ജെൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാവുന്നതാണ് എന്നും സർക്കാർ നിർദ്ദേശമുണ്ട്.എന്നാൽ ഉത്തരവ് പാലിക്കാതെ സ്വകാര്യസ്ഥാപനത്തിൽ നിന്നാണ് മരുന്ന് വാങ്ങിയിട്ടുള്ളത്. ഉത്തരവ് പാലിക്കാതെ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുവാന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/09.12.2022) മറുപടി ലഭിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പാലിച്ച് മരുന്നുകളുടെ വാങ്ങൽ നടത്തേണ്ടതാണ്.

## 1-33 നടത്തക്കൂട്ടം -സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കായി തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല-ചെലവ് രേഖകൾ സുതാര്യതയില്ല- -

പ്രോജക്ട് നം.- 47/22

പ്രോജക്ടിന്റെ പേര് – നടത്തക്കൂട്ടം(ജീവിത ശൈലീ രോഗനിയന്ത്രണം)

അടങ്കൽ - 150000/-(ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് -134250(204/25.03.2022)
നിർവ്വഹണം- മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി

ജീവിത ശൈലീ രോഗങ്ങളായ പ്രഷർ,ഷുഗർ, കൊളസ്ട്രോൾ, പക്ഷാഘാതം,ഹാർട്ട് അറ്റാക്ക് തുടങ്ങിയ രോഗങ്ങൾ നിയന്ത്രിക്കുകയും മാനസികാരോഗ്യം നിലനിർത്തുകയും ചെയ്യുക എന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. ഈ പ്രോജക്ടിൽ ട്രാക്ക് സ്യൂട്ട് വാങ്ങുന്നതിനായി 100000/-രൂപയും പ്രിന്റിംഗ് &സ്റ്റേഷനറി ഇനത്തിൽ 34250/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള ന്യൂനതകൾ ചുവടെ ചേർക്കുന്നു.
1.പതിമൂന്നാം പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ അനുവദനീയമായ സബ്സിഡി വിവരങ്ങൾ ഉൾപ്പെടുത്തി 14-02-2018 ൽ പുറപ്പെടുവിച്ചിട്ടുള്ള സ.ഉ (കൈ) നം.22/18/തസ്വഭവ നമ്പർ ഉത്തരവിൽ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ഖണ്ഡിക 7.5.1 ൽ ഉൾപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങളിൽ ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട് ജേഴ്സി വിതരണം എന്ന ഇനം ഉൾപ്പെട്ടിട്ടില്ല. സബ്സിഡി ഇനങ്ങളിൽ ഉൾപ്പെടാത്ത ഇനത്തിനായി തുക ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല.

2.ഓഡിറ്റിന് ഹാജരാക്കിയ പ്രോജക്ട് ഫയലിൽ സാധനങ്ങൾ വാങ്ങിയതിന്റെ വിവരം മാത്രമാണുള്ളത്. ഇവ സ്റ്റോക്കിലെടുത്തതിന്റെയോ, ആർക്കൊക്കെ വിതരണം നടത്തിയെന്നതിന്റെയോ രേഖകൾ ഇല്ല

3.ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ രേഖ, അവർക്ക് നിലവിൽ ഉണ്ടായിരുന്ന ജീവിതശൈലീ രോഗങ്ങൾ, പദ്ധതിയുടെ വിവിധ നിർവ്വഹണ ഘട്ടത്തിൽ ഓരോ ഗുണഭോക്താവിന്റെയും പ്രഷർ,ഷുഗർ, കൊളസ്ട്രോൾ,എന്നിവ പരിശോധിച്ചതിന്റെയും, ആയത് രേഖപ്പെടുത്തിയതിന്റെയും വിവരങ്ങൾ, ഗുണഭോക്താക്കളുടെ ഹെൽത്ത് രജിസ്റ്റർ,ഹെൽത്ത് കാർഡ്തുടങ്ങിയവയും ലഭ്യമാക്കിയില്ല.
4.പദ്ധതിയിലുൾപ്പെടുത്തി ഒരു ഗുണഭോക്താവിന് ഒരു രജിസ്റ്റർ എന്ന ക്രമത്തിൽ ഒന്നിന് 200/- രൂപ നിരക്കിൽ 200 രജിസ്റ്ററുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ആയതിന്റെ ഉപയോഗവും, ആവശ്യകതയും സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.
5.ഈ പദ്ധതി പ്രകാരം എല്ലാ ദിവസവും അതാത് വാർഡുകളിലെ തിരഞ്ഞെടുത്ത റോഡുകളിൽ ഒരു പോയിന്റിൽ എത്തി, രാവിലെ 5.30 മുതൽ 6.30 വരെ ലീഡറുടെ നേതൃത്വത്തിൽ നടക്കുന്നു എന്നതായിരുന്നു വിഭാവനം ചെയ്തിരുന്നത്.എന്നാൽ ഇത് സാധൂകരിക്കുന്ന യാതൊരു രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. എത്ര ഗുണഭോക്താക്കൾ, എത്ര ദിവസം പദ്ധതി ആസൂത്രണം ചെയ്ത പ്രകാരം നടത്തത്തിൽ പങ്കെടുത്തു എന്ന വിവരങ്ങളും ഇല്ല.
6. ഈ പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച് ഒരു ഘട്ടത്തിലും മോണിട്ടറിംഗ് നിർവ്വഹിക്കപ്പെട്ടിട്ടില്ല.

7.പ്രസ്തുത പ്രോജക്ട് പ്രകാരം നടന്ന പ്രവർത്തനങ്ങൾ, നിലവിലെസ്ഥിതി എന്നിവ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/02.12.2022)മറുപടി ലഭിച്ചില്ല .
അംഗീകൃത സബ്സിഡി മാർഗ്ഗ രേഖയ്ക്കു വിരുദ്ധമായി ജേഴ്സി വാങ്ങി വിതരണം നടത്തുന്നതിനായി ചെലവഴിച്ച 100000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച മറ്റ് അപാകതകളുടെ വെളിച്ചത്തിൽ നിരാകരിച്ച 100000/- രൂപ കിഴിച്ച് ബാക്കിയുള്ള 34250/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 12,500/- രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ 4 എ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽനികുതി |
|---|---|---|---|
| 1, | മുളമൂട്ടിൽ ഫിനാൻസിയേഴ്സ്, രാമങ്കരി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 2, | കടന്തോട്ട് ഫിനാൻസ് പ്രൈ ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 3, | ചേന്നാട്ടുശ്ശേരി ഫിനാൻസിയേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 4, | രാമങ്കരി കോ-ഓപറേറ്റിവ് സൊസൈറ്റി എ.ഡി -10 | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 5, | കൊല്ലംമ്പുറി ഗോൾഡ് ലോൺ, രാമങ്കരി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| ആകെ | | | 12,500/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:05,തീയതി:2/12/2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അനുപൂരക പോഷകാഹാര വിതരണം-കടത്തുകൂലി അധികം നൽകി-7190/- രൂപ നിരാകരിക്കുന്നു-

1.കയറ്റിറക്ക് കൂലിയിനത്തിൽ അധികം ചെലവഴിച്ചു-

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 17 അംഗൻവാടികളിലേയ്ക്കാവശ്യമായ ഭക്ഷണ സാധനങ്ങളിൽ അമൃതം പൊടി , ടെൻ സ്റ്റാർ അമൃതം ഫുഡ് പ്രൊഡക്ട്സ്, വേഴപ്ര എന്ന സ്ഥാപനത്തിൽ നിന്നും, ബാക്കിയുള്ളവ കേരള സംസ്ഥാന സിവിൽ സപ്ലൈസ്, കോർപ്പറേഷൻ, കുറിച്ചിയിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ജനറൽ ഫീഡിംഗിനുള്ള ഭക്ഷണ സാധനങ്ങൾ സിവിൽ സപ്ലൈസ്, കോർപ്പറേഷൻ കുറിച്ചിയിൽ നിന്നും വിവിധ അംഗൻ വാടികളിൽ എത്തിച്ച് നൽകുന്നതിന് കിലോ ഗ്രാമിന് 2.85 രൂപ നിരക്കിൽ കരാർ എടുത്തിട്ടുള്ളത് പി.ടി.കുഞ്ഞുമോൻ പൊന്നാലയം എന്ന വ്യക്തിയാണ്. കയറ്റിറക്ക കൂലിയിനത്തിൽ ടിയാന് രണ്ടു തവണയായി 44541/- രൂപ നൽകിയിട്ടുണ്ട്. ഹാജരാക്കിയ ബിൽ പ്രകാരം ആകെ വാങ്ങിയ ഭക്ഷണ സാധനങ്ങളുടെ വിവരം ചുവടെ ചേർക്കും പ്രകാരമാണ്.

| സ്ഥാപനം | ബിൽ നം./ തീയതി | വാങ്ങിയ ആകെ അളവ് | 2.85 രൂപ/kg. നിരക്കിൽ അനുവദനീയമായ തുക | പരാമർശം |
|---|---|---|---|---|
| സിവിൽ സപ്ലൈസ്, കോർപ്പറേഷൻ, കുറിച്ചി. | 20401/30-01-21 | 2505 | 7139/- | |
| സിവിൽ സപ്ലൈസ്, കോർപ്പറേഷൻ, കുറിച്ചി. | 21114/31-05-21 | 2613 | 7447/- | |
| സിവിൽ സപ്ലൈസ്, കോർപ്പറേഷൻ, | 21393/30-06-21 | 2615 | 7452/- | |

| | | | | |
|---|---|---|---|---|
| കുറിച്ചി. | | | | |
| സിവിൽ സപ്ലൈസ്, കോർപ്പറേഷൻ, കുറിച്ചി. | 21544/30-09-21 | 2813 | 8017/- | |
| സിവിൽ സപ്ലൈസ്, കോർപ്പറേഷൻ, കുറിച്ചി. | 21868/22-01-22 | 2560 | 7296/- | |
| ആകെ അനുവദനീയമായത് | | | 37351/- | |
| ആകെ നൽകിയത് | | | 44541/- | |
| അധികം നൽകിയത് | | | 7190/- | |

അനുബന്ധ വിവരങ്ങൾ-

പ്രൊജക്ട് നം.-എസ്സ്-0008/22

ചെലവ് വിവരം – 1)BRN No.21060452021600241526/ 27-07-21, Rs-588232/-(ഇതിൽ 23839/- രൂപ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്)

2)BRN No.21060452021601346586/ 16-03-22, Rs-20702/-

ആകെ നൽകിയത് – 44541/- രൂപ (23839 +20702)

അടങ്കൽ – 1761794/-

## 3-2 ബേസ്മെന്റിന് മുകളിൽ ബെൽറ്റ് നിർമ്മിച്ചിട്ടുള്ളപ്പോൾ റബിൾ പ്രവൃത്തിയിൽ ലെവലിംഗ് ചെയ്യുന്നതിന് 1:6:12 സിമന്റ് കോൺക്രീറ്റിംഗ് നടത്തി- അധികച്ചലവ്-824/-

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഗവ.യു പി സ്കൂൾ കോമ്പൌണ്ട് വാൾ ആന്റ് ഗേറ്റ് വാർഡ് നം 11 |
| പ്രോജക്ട് നമ്പർ | 98/21-22 |
| അടങ്കൽ | 264744 /- ( മെയിന്റനൻസ് ഫണ്ട് -റോഡിതരം ) |
| കരാറുകാരൻ | സന്തോഷ് കുമാർ |
| അളവു പുസ്തകം | 45/20-21 |
| ചെലവ് വിവരം | 42385 /- 7/21-22/20.09.21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ ,LSGD |

*രാമങ്കരി ഗ്രാമപഞ്ചായത്ത് ഗവ.യു പി സ്കൂൾ കോമ്പൊണ്ട് വാൾ ആന്റ് ഗേറ്റ് വാർഡ് നം 11 പ്രവൃത്തിയിൽ റബിൾ ഉപയോഗിച്ചുള്ള ഫൌണ്ടേഷനും, ബേസ്മെന്റും നിർമ്മിച്ചിരിക്കുന്നത് സ്പെസിഫിക്കേഷൻ 7.1.1 പ്രകാരമാണ്.( RR Masonary With Hard Stone In Foundation And Plinth Including Leveling Up With Cement Concrete 1:6:12).അളവുപുസ്തകം പേജ് 4ൽ ഇനം 3 ആയി ഈയിനം പ്രവർത്തി 9.306$m^3$ നിർവ്വഹിച്ചതിന് 5897.62/$m^3$ നിരക്കിൽ 54883.25/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.എന്നാൽ ഇതിന് മുകളിൽ ഇനം 4 ആയി പേജ് നം.08 പ്രകാരം റീ ഇൻഫോഴ്സ്മെന്റ് സിമന്റ് കോൺക്രീറ്റിൽ (RCC 1:2:4) ബെൽറ്റ് നിർമ്മിച്ചിട്ടുള്ളതിനാൽ റബിൾ പ്രവൃത്തിയിൽ ലെവലിംഗ് ചെയ്യുന്നതിന് 1:6:12 സിമന്റ് കോൺക്രീറ്റിന്റെ ആവശ്യമില്ല. ഇത് ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.*

| | |
|---|---|
| സ്പെസിഫിക്കേഷൻ 7.1.1 പ്രകാരം ചെയ്ത ബേസ് മെന്റ് ചെയ്ത റബിൾ പ്രവൃത്തിയുടെ ആകെ അളവ് | 9.306 $M^3$ |
| ബേസ് മെന്റിന് മുകളിൽ 1:1:5:3 അനുപാതത്തിൽ ബെൽറ്റ് നിർമ്മിച്ച അളവ്<br>(1.75m3+1.08m3 – പേജ് നം. 6 പ്രകാരം) | 2.326m3 |
| 1:6:12 സിമന്റ് കോൺക്രീറ്റിംഗിന് ഡാറ്റയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക്- (വാട്ടർ ചാർജ്ജ്, CPOH, കോസ്റ്റ് ഇൻഡക്സ് 48.71% ഉൾപ്പെടെ + Gst) | 79.16/$m^3$ |
| അധികം നൽകിയ തുക | 9.306$m^3$ @ 79.16 = 736+88 (GST)=824/-രൂപ |

824 /-രൂപ അധികം നൽകാനിടയായത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി- 24) മറുപടി ലഭ്യമാക്കിയില്ല.അധികം നൽകിയ 824/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് 17870 /- രൂപ അധിക വേതനം നല്കി

തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ)തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭൂവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 1.05ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭൂവസ്ത്രം 2.5 മീറ്റർ വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിന് വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05വീതം അധികമായി ഭൂവസ്ത്രം . അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിലേ പ്രവർത്തി ചെയ്യാൻ സാധിക്കൂ. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ ഉൾപ്പെടുത്തലുള്ളത്. എന്നാൽ ഇതനുസരിച്ചുള്ള അളവിൽ കയർഭൂവസ്ത്രം അധികമായി വാങ്ങിക്കാണുന്നില്ല. ആകെ വിസ്തൃതിയിൽ മാത്രമാണ് കയർഭൂവസ്ത്രം വാങ്ങിയിട്ടുള്ളത്. ഇപ്രകാരം കയർ ഭൂവസ്ത്രം വിരിക്കുന്നതിന് അധിക വേതനം നല്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | എം-ബുക്ക് നം. | ഭൂവസ്ത്രം വാങ്ങിയത്. ചതു.മീറ്റർ | ഭൂവസ്ത്രം ഉപയോഗിച്ചത് | ഭൂവസ്ത്രമുപയോഗിക്കാവുന്ന വിസ്തൃതി ചതു.മീറ്റർ (ഭൂവിസ്തൃതി/ 1.05) | FTO വിവരങ്ങൾ | നല്കിയ തുക | നല്കാവുന്ന തുക (71.58m2) | അധികം |
|---|---|---|---|---|---|---|---|---|
| കൊതേരിക്കാട് പാടശ്ശേഖരത്തിന്റെ അകം ബണ്ട് കയർ ഭൂവസ്ത്രം വിരിക്കൽ | 65/21-22 | 1960 | 1944.84 | 1866.66 | 10360 /-(09/12 /2022)FTO No. 1485270 , 1485314 | 139223.31 | 133626.72 | 5596 |
| ചെറിയാശ്ശേരി പാടശ്ശേഖരത്തിന്റെ അകം ബണ്ട് കയർ ഭൂവസ്ത്രം വിരിക്കൽ | 168/21-22 | 1856 | 1849.95 | 1767.61 | 10476 /-(09/12 /2022) FTO No.5854 | 132430.52 | 126536.13 | 5894 /- |
| എഴുമാക്കരി 1.പാടശ്ശേഖരത്തിന്റെ അകം ബണ്ട് കയർ ഭൂവസ്ത്രം വിരിക്കൽ | 104(എ) 21-20 | 1680 | 1680 | 1600 | 41144 /-(09/12 /2022) FTO No.1201916 | 119856 ( 1674 M2 | 114538 | 5318 /- |
| | | | | ആകെ | | | | 17870 /- |

പ്രസ്തുത വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/08.12.22 ) മറുപടി ലഭ്യമാക്കിയില്ല. . കയർ ഭൂവസ്ത്രം

വിരിക്കുന്നതിന് നൽകിയ അധിക വേതനം 17870 /- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-4 പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം- ഒരേ ഗുണഭോക്താവിന് രണ്ട് തവണ ധനസഹായം നൽകി-5000/- രൂപ നിരാകരിക്കുന്നു-

പ്രോജക്റ്റ് നം.106/22

പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം(സ്പിൽ ഓവർ)

നിർവ്വഹണം – വി ഇ ഒ
ധന.കമ്മീഷൻ അവാർഡ്-260688,
സംസ്ഥാനാവിഷ്കൃത ഫണ്ട്-312192,
ആകെ അടങ്കൽ- 572880

ചെലവ് -572880/-

വി.ഇ.ഒ 2021-22ൽ നടപ്പിലാക്കിയ ഈ പ്രോജക്റ്റ് പ്രകാരം 62 ഗുണഭോക്താക്കൾക്ക് സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് നൽകുന്നതിനായി 9,240 രൂപ വീതം ആകെ 572880/-രൂപ ധനസഹായം നൽകിയിട്ടുണ്ട്. സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 5000/- രൂപയും ധന.കമ്മീഷൻ അവാർഡ് തുകയിൽ നിന്നും 4240/- രൂപയും വീതമാണ് ഓരോ ഗുണഭോക്താവിനും അനുവദിച്ചിട്ടുള്ളത്. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ ഗിരിജമ്മ എന്ന ഗുണഭോക്താവിന് രണ്ട് പ്രാവശ്യം ധനസഹായം നൽകിയിട്ടുണ്ട് എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ബിൽ/വൗച്ചർ നം./തീയതി | അനുവദിക്കാവുന്ന തുക | അനുദിച്ച തുക | അധികം നൽകിയതുക |
|---|---|---|---|---|---|
| ഗിരിജമ്മ A/C No. 40644101053212 IFS Code KLGB0040644 | 5000 | 19/26.07.2021 | 9240 | 14240 | 5000 |
| | 4240 | 68/01.11.2021 | | | |
| | 5000 | 44/15.09.2021 | | | |

പ്രസ്തുത ഗുണഭോക്താവിന് രണ്ട് പ്രാവശ്യം ധനസഹായം നൽകിയതുമൂലം 5000 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23 )മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 5000/-രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-5 നടത്തക്കൂട്ടം -സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കായി തുക ചെലവഴിച്ചു-ചെലവിന് സുതാര്യതയില്ല -

പ്രോജക്റ്റ് നം.- 47/22

പ്രോജക്റ്റിന്റെ പേര് – നടത്തക്കൂട്ടം(ജീവിത ശൈലീ രോഗനിയന്ത്രണം)

അടങ്കൽ - 150000/-(ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് -134250(204/25.03.2022)
നിർവ്വഹണം- മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി

ജീവിത ശൈലീ രോഗങ്ങളായ പ്രഷർ,ഷുഗർ, കൊളസ്ട്രോൾ, പക്ഷാഘാതം,ഹാർട്ട് അറ്റാക്ക് തുടങ്ങിയ രോഗങ്ങൾ നിയന്ത്രിക്കുകയും മാനസികാരോഗ്യം നിലനിർത്തുകയും ചെയ്യുക എന്നതായിരുന്നു പ്രോജക്റ്റ് ലക്ഷ്യം. ഈ പ്രോജക്റ്റിൽ ട്രാക്ക് സ്യൂട്ട് വാങ്ങുന്നതിനായി 100000/-രൂപയും പ്രിന്റിംഗ് &സ്റ്റേഷനറി ഇനത്തിൽ 34250/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റ് നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള ന്യൂനതകൾ ചുവടെ ചേർക്കുന്നു.
1.പതിമൂന്നാം പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ അനുവദനീയമായ സബ്സിഡി വിവരങ്ങൾ ഉൾപ്പെടുത്തി 14-02-2018 ൽ പുറപ്പെടുവിച്ചിട്ടുള്ള സ.ഉ (കൈ) നം.22/18/തസ്വഭവ നമ്പർ ഉത്തരവിൽ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ഖണ്ഡിക 7.5.1 ൽ ഉൾപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങളിൽ ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട് ജേഴ്സി വിതരണം എന്ന ഇനം ഉൾപ്പെട്ടിട്ടില്ല. സബ്സിഡി ഇനങ്ങളിൽ ഉൾപ്പെടാത്ത ഇനത്തിനായി തുക ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല.

2.ഓഡിറ്റിന് ഹാജരാക്കിയ പ്രോജക്റ്റ് ഫയലിൽ സാധനങ്ങൾ വാങ്ങിയതിന്റെ വിവരം മാത്രമാണുള്ളത്. ഇവ സ്റ്റോക്കിലെടുത്തതിന്റെയോ, ആർക്കൊക്കെ വിതരണം നടത്തിയെന്നതിന്റെയോ രേഖകൾ ഇല്ല

3.ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ രേഖ, അവർക്ക് നിലവിൽ ഉണ്ടായിരുന്ന ജീവിതശൈലീ രോഗങ്ങൾ, പദ്ധതിയുടെ വിവിധ നിർവ്വഹണ ഘട്ടത്തിൽ ഓരോ ഗുണഭോക്താവിന്റെയും പ്രഷർ,ഷുഗർ, കൊളസ്ട്രോൾ,എന്നിവ പരിശോധിച്ചതിന്റെയും, ആയത് രേഖപ്പെടുത്തിയതിന്റെയും വിവരങ്ങൾ, ഗുണഭോക്താക്കളുടെ ഹെൽത്ത് രജിസ്റ്റർ,ഹെൽത്ത് കാർഡ്ഉൾപ്പെടുത്തിയവയും ലഭ്യമാക്കിയില്ല.
4.പദ്ധതിയിലുൾപ്പെടുത്തി ഒരു ഗുണഭോക്താവിന് ഒരു രജിസ്റ്റർ എന്ന ക്രമത്തിൽ ഒന്നിന് 200/- രൂപ നിരക്കിൽ 200 രജിസ്റ്ററുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ആയതിന്റെ ഉപയോഗവും, ആവശ്യകതയും സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.
5.ഈ പദ്ധതി പ്രകാരം എല്ലാ ദിവസവും അതാത് വാർഡുകളിലെ തിരഞ്ഞെടുത്ത റോഡുകളിൽ ഒരു പോയിന്റിൽ എത്തി, രാവിലെ 5.30 മുതൽ 6.30 വരെ ലീഡറുടെ നേതൃത്വത്തിൽ നടക്കുന്ന എന്നതായിരുന്ന വിഭാവനം ചെയ്തിരുന്നത്.എന്നാൽ ഇത് സാധൂകരിക്കുന്ന യാതൊരു രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. എത്ര ഗുണഭോക്താക്കൾ, എത്ര ദിവസം പദ്ധതി ആസൂത്രണം ചെയ്ത പ്രകാരം നടത്തത്തിൽ പങ്കെടുത്തു എന്ന വിവരങ്ങളും ഇല്ല.
6. ഈ പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച് ഒരു ഘട്ടത്തിലും മോണിട്ടറിംഗ് നിർവ്വഹിക്കപ്പെട്ടിട്ടില്ല.

7.പ്രസ്തുത പ്രോജക്ട് പ്രകാരം നടന്ന പ്രവർത്തനങ്ങൾ, നിലവിലെസ്ഥിതി എന്നിവ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/02.12.2022)മറുപടി ലഭിച്ചില്ല .
അംഗീകൃത സബ്സിഡി മാർഗ്ഗ രേഖയ്ക്കു വിരുദ്ധമായി ജേഴ്സി വാങ്ങി വിതരണം നടത്തുന്നതിനായി ചെലവഴിച്ച 100000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ സൂചിപ്പിച്ച മറ്റ് അപാകതകളുടെ വെളിച്ചത്തിൽ നിരാകരിച്ച 100000/- രൂപ കിഴിച്ച് ബാക്കിയുള്ള 34250/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ചതുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 76,700 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്) | 76,700 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 1,27,983 | അങ്കണവാടി പൂരക പോഷകാഹാരം | 1,27,983 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 1,91,866 | ലൈഫ് ഭവന നിർമ്മാണം(ജനറൽ) | 1.91,866 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 1,00,000 | പാലിയേറ്റീവ് പരിചരണ പദ്ധതി | 1,00,000 | 0 |
| ആകെ | | 4,96,549 | | 4,96,549 | 0 |
| ജില്ലാ പഞ്ചായത്ത് | 2021/22 | 96,575 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്) | 96,575 | 0 |
| ജില്ലാ പഞ്ചായത്ത് | 2021/22 | 1,00,000 | അങ്കണവാടി പൂരക പോഷകാഹാരം | 1,00,000 | 0 |
| ആകെ | | 1,96,575 | | 1,96,575 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ | പ്രവൃത്തിയുടെ | വൗച്ചർ നമ്പർ/ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | ചെക്ക്നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പള്ളിക്കട്ടുമ്മ പുതുവൽ മണിയന്റെ വീട് മുതൽ അരികോടിച്ചിറ വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | XVFC/2021-22/P/22 | 0 | 598500 | 100 |
| വാട്ടർ അതോറിറ്റി | നെല്ലിവേലി മുതൽ കനത്താരി വരെയുള്ള പൈപ്പ് ലൈൻ വാർഡ് -10 | 21060452021701375804 | | 330000 | 0 |
| വാട്ടർ അതോറിറ്റി | മുക്കം മുതൽ ഇടത്തേട്ട് മണലാടി ജെട്ടി വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | XVFC/2021-22/P/23 | 0 | 150000 | 0 |
| വാട്ടർ അതോറിറ്റി | 442-ാം എസ്.എൻ.ഡി.പി മുതൽ ആറ്റിറമ്പ് വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | XVFC/2021-22/P/24 | 0 | 150000 | 0 |
| വാട്ടർ അതോറിറ്റി | ഹോമിയോ ആശുപത്രി മുതൽ പാക്കള്ളി പാലം വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | XVFC/2021-22/P/25 | 0 | 400000 | 0 |
| വാട്ടർ അതോറിറ്റി | അങ്കണവാടി മുതൽ സർപ്പക്കാവ് വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് - 1 | XVFC/2021-22/P/26 | 0 | 100000 | 0 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ അധിക തുക നൽകൽ | XVFC/2021-22/P/29 | 0 | 352000 | 0 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | വിവിധ പോസ്റ്റ് മാറ്റൽ | XVFC/2021-22/P/14, XVFC/2021-22/P/15 | 0 | 65000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെപേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE MISSION | GO(MS) No.68/2018 /LSGD, 18.05.2022 | 4640000 | 3701333 | 909334 | ---- | 2791999 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| *വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം* | 1000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ്ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | സബ് ട്രഷറി, മങ്കൊമ്പ് | 26.10.21 | 3 വർഷം | 10,00,000 | |
| ആകെ | | | | 10,00,000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6338 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2020-21 | 1-26 | 6338 | ലില്ലിക്കുട്ടി, എ.ഇ, എൽ.എസ്.ജി.ഡി | 121020101871, 10/01/2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41162610/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42262626/- |
| വരവിനങ്ങളിലുള്ള നഷ്ടം | 12500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 113014 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3284105 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 12500 | | സിന്ധു.ആർ.ദാസ് ,സെക്രട്ടറി |
| 3-1 | | 7190 | ശ്രീമതി.അമൃത ലക്ഷ്മി,ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-2 | | 824 | ശ്രീമതി .ലില്ലിക്കുട്ടി,അസി.എഞ്ചിനിയർ |
| 3-4 | | 5000 | ശ്രീമതി .സീന ജി തങ്കപ്പൻ, വി ഇ ഒ |
| 3-5 | | 100000 | ഡോ.വിനോദ്.മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി |
| ആകെ | 12500 | 113014 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 59996 | ശ്രീമതി .സീന ജി തങ്കപ്പൻ, വി ഇ ഒ |
| 1-16 | 659359 | ശ്രീമതി. സീന ജി തങ്കപ്പൻ, വി ഇ ഒ |
| 1-19 | 150000 | ഡോ.ബിന്ദു ഇ ആർ മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-20 | 20000 | ശ്രീമതി. ജെസി വർഗ്ഗീസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 150000 | ഡോ.വിനോദ്.മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1-23 | 65000 | ശ്രീമതി.സിന്ധു ആർ ദാസ്, സെക്രട്ടറി |
| 1-25 | 2080500 | ശ്രീമതി.സിന്ധു ആർ ദാസ്, സെക്രട്ടറി |
| 1-27 | 25000 | ശ്രീമതി.മോളിക്കുട്ടി. എച്ച് എം |
| 1-31 | 40000 | ഡോ.വിനോദ്.മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1-33 | 34250 | ഡോ.വിനോദ്. മെഡിക്കൽ ഓഫീസർ, എഫ്എച്ച് സി |
| ആകെ | 3284105 | |
| | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 17870 | 1)ശ്രീ വി എം സജി , സെക്രട്ടറി<br>2 )ശ്രീമതി സിന്ധു ആർ ദാസ് ,അസി.സെക്രട്ടറി |

| | | |
|---|---|---|
| | | 3)സന്ദീപ് സുരേന്ദ്രൻ ,അക്രഡിറ്റഡ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സിന്ധു.ആർ.ദാസ് ,സെക്രട്ടറി | അസ്സി.സെക്രട്ടറി,ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത്. | ഗുരുമംഗലം, കാർത്തികപ്പള്ളി.പി.ഒ, ആലപ്പുഴ. |
| ശ്രീമതി.അമൃത ലക്ഷ്മി,ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ,രാമങ്കരി ഗ്രാമപഞ്ചായത്ത് | വടക്കെ അയ്യത്ത് വീട്, നീർക്കുന്നം.പി.ഒ, വണ്ടാനം,ആലപ്പുഴ. |
| ശ്രീമതി .ലില്ലിക്കുട്ടി, അസി.എഞ്ചിനിയർ. | അസി.എഞ്ചിനിയർ, രാമങ്കരി ഗ്രാമപഞ്ചായത്ത് | പുത്തൻ പറമ്പിൽ,ആശാഭവൻ, മങ്കൊമ്പ് തെക്കേക്കര,ആലപ്പുഴ. |
| ശ്രീമതി .സീന ജി തങ്കപ്പൻ, വി ഇ ഒ | ജി ഇ ഒ, മങ്കൊമ്പ് ബ്ലോക്ക്. | കട്ടത്തറച്ചിറ, കൈനകരി, ആലപ്പുഴ. |
| ഡോ.വിനോദ്.മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി | മെഡിക്കൽ ഓഫീസർ, രാമങ്കരി ഗ്രാമപഞ്ചായത്ത് | ശ്രീശങ്കരം, കരുനാഗപ്പള്ളി,കൊല്ലം |
| ശ്രീമതി.മോളിക്കുട്ടി. എച്ച് എം,വേഴപ്ര യുപിഎസ്സ്, | എച്ച് എം,വേഴപ്ര യുപിഎസ്സ്,രാമങ്കരി. | രാജ് നിവാസ്, പെരുന്ന ഈസ്റ്റ് .പി.ഒ, ചങ്ങനാശ്ശേരി. |
| ഡോ.ബിന്ദു ഇ ആർ മെഡിക്കൽ ഓഫീസർ, ഹോമിയോ. | മെഡിക്കൽ ഓഫീസർ, രാമങ്കരി ഗ്രാമപഞ്ചായത്ത് | കണ്ടശ്ശേരിൽ, റൂബീ നഗർ.പി.ഒ, ചങ്ങനാശ്ശേരി. |
| ശ്രീമതി. ജെസി വർഗ്ഗീസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | ചേന്നാട്ടുശ്ശേരി, രാമങ്കരി.പി.ഒ, ആലപ്പുഴ. |
| സന്ദീപ് ശശീന്ദ്രൻ,അക്രെഡിറ്റഡ് എൻജിനീയർ.MGNREGS. | | കുഴിക്കാല കോളനി-16,വേഴപ്ര.പി.ഒ, രാമങ്കരി, ആലപ്പുഴ. |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1994-95, 1995-96 | എൽ.എഫ്.എ.10/937/97/30.05.1999 |
| 1999-00 | എൽ.എഫ്.എ.14/982/01/22.10.2001 |
| 2006-07, 2007-08, | എൽ.എഫ്.ജിഎ.5/1578/13/21-05-2014 436727 |

| | |
|---|---|
| 2008-09<br>2009-10 | |
| 2010-11 | എൽഎഫ്.പി10/1294/12/19-11-2012/12.12.2012 |
| 2011-12,<br>2012-13 | എൽഎഫ്.പി10/190/14/25-04-2014/15.07.2014 |
| 2013-14 | കെ.എസ്.എ/എഎൽപി/പി-10/1086/15/06.08.2015 |
| 2014-15 | കെ.എസ്.എ/എഎൽപി/പി-10-641/16/09.06.2016/ 25.07.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി-10-45/17 തീയതി 23.01.2017 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി-10-667/17 തീയതി. 08.06.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി-10-318/19 തീയതി.06.05.2019 |
| 2018-19 | കെ.എസ്.എ/എ.എൽ.പി/പി-10-199/2020 തീയതി. 29.05.2020 |
| 2019-20 | കെ.എസ്.എ/എ.എൽ.പി/പി-9-348/2021 തീയതി. 26.04.2021 |
| 2020-21 | കെ.എസ്.എ/എ.എൽ.പി/പി-10-164/2022 തീയതി. 19.03.2022 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്